# സാഹിത്യമഞ്ജരി

ഒന്നാം ഭാഗം.

ഗ്രന്ഥകർത്താ

വള്ളത്തോൾ നാരായണമേനോൻ.

Digitized By Kerala Sahitya Akade

# സാഹിത്യമഞ്ജരി

ഒന്നാം ഭാഗം.

ഗ്രന്ഥകർത്താ

വള്ളത്തോൾ നാരായണമേനോൻ.

പ്രസാധകൻ

പി. വി. ഉട്ടൂപ്പ്

കുന്നംകുളം.

എ. ആർ. പി. പ്രെസ്സ്

1918

(വില 12-ണ.)

പകർപ്പവകാശം ഗ്രന്ഥകർത്താവിന്നു.

Digitized By Kerala Sahitya Akade

Digitized By Kerala Sahitya Akade

# വിഷയവിവരം.


1. മാതൃവന്ദനം
2. ഒരുൾനാട്ടിലെ മഞ്ഞുകാലം
3. ഒരു ചിത്രം
4. ഒരരിപ്പിറാവ്.
5. ഒരു നായർസ്ത്രീയും മുഹമ്മദീയനും
6. സന്താനസൌഖ്യം
7. മാതൃഭൂമിയോട്
8. ഒരു ദിനാന്തസഞ്ചാരം
9. ഒരു യുവാവിന്റെ ആത്മസംയമം
10. ഒരു കീറത്തലയണ
11. ഭാരതപ്പുഴ
12. ഒരു വീരപത്നി
13. ദാദാബായി നവറോജി
14. ഒരു ഭാവന


Digitized By Kerala Sahitya Akade

# മുഖവുര

മഹാകവി വള്ളത്തോൾ നാരായണമേനോൻ അവർകൾ പലപ്പോഴായി എഴുതിയവയും, പല മാസികകളിൽ പ്രസിദ്ധീകരിച്ചവയുമായ ഖണ്ഡകൃതികൾ മുഴുവനും പുസ്തകാകൃതിയിൽ പ്രസിദ്ധീകരിച്ചു കാണേണമെന്ന സാഹിത്യരസികന്മാരുടെ ചിരന്തനോൽക്കണ്ഠതന്നെയാണ് ഈ സാഹിത്യമഞ്ജരിയുടെ ആവിർഭാവത്തിന്നു കാരണം. വള്ളത്തോൾകൃതികളിൽനിന്നു തിരഞ്ഞെടുത്തവയല്ല ഈ ചെറുപുസ്തകത്തിൽ ഉൾപ്പെട്ടിട്ടുള്ള കൃതികൾ, ഇവയിലും മികച്ച ഖണ്ഡകാവ്യങ്ങളും അക്കൂട്ടത്തിൽ കാണും. അടുത്ത മാസത്തിൽതന്നെ സാഹിത്യമഞ്ജരിയുടെ അനുജത്തിമാരും പുറത്തിറങ്ങുന്നതാണ്.

ഈ ഖണ്ഡകാവ്യങ്ങളുടെ കമനീയതയ്ക്ക് അനുരൂപമായിട്ടില്ല അച്ചടി എന്നൊരാക്ഷേപം എന്നിൽ ആപതിയ്ക്കുമെന്നു ഞാൻ ശരിയായി അറിയുന്നുണ്ട്. എന്നാൽ, ഇതിൽ ഞാനല്ല, ഈ ദുഷ്കാലമാണ് അപരാധി എന്ന വാസ്തവം മിക്കപേർക്കും അറിയാവുന്നതാണല്ലോ.

P. V. IZZOOP.

A. R. P. PRESS,
Kunnamkulam, 26-IV-1094.

Digitized By Kerala Sahitya Akade

# സാഹിത്യമഞ്ജരി

## I

## മാതൃവന്ദനം

(കിളിപ്പാട്ട്)

വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ വരേണ്യയെ, വന്ദിപ്പിൻ വരദയെ;
എത്രയും തപശ്ശക്തി പൂണ്ട ജാമദഗ്ന്യന്നു,
സത്രാജിത്തിന്നു പണ്ടു സഹസ്രകരൻ പോലെ,
പശ്ചിമരത്നാകരം പ്രീതിയാൽ ദാനംചെയ്ത
വിശ്വൈകമഹാരത്നമല്ലി നമ്മുടെ രാജ്യം?
വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ സമുദ്രാത്മഭൂവാമീ ശ്രീദേവിയെ!
പച്ചയാം വിരിപ്പിട്ട സഹ്യനിൽത്തല വെച്ചും,
സ്വച്ഛാബ്ധിമണൽത്തിട്ടാം പാദോപധാനം പൂണ്ടും
പള്ളികൊണ്ടീടുന്ന നിൻ പാർശ്വയുഗ്മത്തെക്കാത്തു-
കൊള്ളുന്നു 'കുമാരി'യും, 'ഗോകർണ്ണേ'ശനുമമ്മേ!
വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിനുപാസ്യരാമുള്ളോർക്കുമുപാസ്യയെ!
ആഴിവീചികളനുവേലം വെൺനുരകളാൽ,
തോഴികൾ പോലെ തവ ചാരുതൃപ്പാദങ്ങളിൽ

Digitized By Kerala Sahitya Akade

തൂവെള്ളിച്ചിലമ്പുകളിട്ടവിളങ്ങുന്നു; തൂപ്പി
കൈവരാഞ്ഞഴിക്കുന്നു; പിന്നെയും തുടരുന്നു!
വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിനനന്യസാധാരണസൌഭാഗ്യയെ!

മിന്നൽക്കാറുകളായ പൊന്നണിദീപങ്ങളു-
മുന്നതസ്തനിതമാം പടഹസ്വനവുമായ്
ഭാസമാനേന്ദ്രായുധതോരണം വർഷോത്സവം
ഭാർഗ്ഗവക്ഷേത്രത്തിൽപ്പോലെങ്ങാനുമുണ്ടോ വേറെ?
വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ സൃഷ്ടിക്ഷ്മാധിദേവതയായുള്ളോളെ!

ചന്ദനവനങ്ങളിൽത്തെന്നലിൻകളികളാൽ
മന്ദമായ് ത്തലയാട്ടിക്കൊണ്ടു മാമലകളിൽ
ഉല്ലസിച്ചീടും ജയവൈജയന്തികളേലാ-
വല്ലികൾ നിർത്തുമണമെങ്ങെങ്ങു വീശാത്തുള്ളൂ?
വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ ഗുണഗണാവർജ്ജിതജനൌഘയെ!

ഹാ! നിൻതോട്ടങ്ങളിൽ, ത്താംബൂലലതകളാൽ
ഗൃഹസ്ഥാശ്രമികളായ്ച്ചമഞ്ഞ കവുങ്ങുകൾ
കാച്ചുകൾതൻകനംകൊണ്ടു നമ്രമൌലികളായി
ലോകോപകാരോന്മേഷാൽ ചാഞ്ചാടി നിന്നീടുന്നു.
വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിനാഗന്തുകോൽഗീതമാനൌദാര്യയെ!

പഴുപ്പു കാച്ചുകളെത്തും കാലത്തു പവിഴച്ചാ-
ത്തഴകിലണിയുന്ന മുളകിൻ കൊടികളും,

Digitized By Kerala Sahitya Akade

കനകക്കുടങ്ങളെച്ചുമന്ന കേരങ്ങളും-
നിനക്കിത നിതാന്താഭിരാമമേ നിന്നാരാമം!
വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ ശുഭഫലപ്രാർത്ഥികൾക്കാരാധ്യയെ!

പിന്തിരിക്കൊല്ലേ ദൂനവർണ്ണമാം മുഖം! വീണ്ടും
നിന്തിരുവടിയുടെ മക്കളായ്ത്തീരും ഞങ്ങൾ:
നിത്യവും മുന്നോട്ടേക്കേ പാഞ്ഞുപോം കാലക്കപ്പ-
ലേത്തിപ്പു പുറപ്പെട്ട ദിക്കിൽത്താൻ യാത്രക്കാരെ.
വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ പ്രജാസ്നേഹവ്യാകുലഹൃദന്തയെ!
പഴക്കം പിടിച്ചൊരു മൂലയിൽ കിടപ്പതാം
സ്വാമിനിയുടെ പള്ളിവാളിതു, വീണ്ടും നമ്മൾ
നന്മഴക്കിട്ടുകയാൽ നിർമ്മലാഭമായ് മേന്മേൽ
ചുംബിതമായീടട്ടേ മാർത്താണ്ഡമരീചിയാൽ!
വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ നിജസൂനുപോഷിതപ്രവീരയെ!
വാൾകൊണ്ടെന്നതുപോലെ വായ്കൊണ്ടും പ്രതിയോ
ലോകത്തെജ്ജയിച്ചോരാം പൂർവികരുടെ രക്തം (ഗി-
അല്പാല്പം സിരകളിൽ ബാക്കിയുണ്ടതിൻചൂടാ-
ലിപ്പോഴെന്നാലും തെല്ലു കൺമിഴിച്ചല്ലോ നമ്മൾ.
വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ ചിരന്തനസുപ്രജാവതിയാളെ!
മാതാവിൻ മഹാഗൃഹം തുണ്ടു തുണ്ടാക്കിത്തീർത്തു
വേർതിരിപ്പതീ വെറും മാറാലമറകളോ?

Digitized By Kerala Sahitya Akade

ഇവയെപ്പറിപ്പിപ്പാൻ, ഞാന്ന് നമ്മൾ ഗു രി-
ഡിവന്നു നേരേ വിട്ടും നെട്ടുവീർപ്പോടന്ന പോതും!
വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ യോഗക്ഷേമകല്പനപ്രശസ്തയെ!

ചേലോടെ പല പൂക്കൾകൊണ്ടു സൌഭ്രാത്രപ്പട്ട-
നൂലിന്മേൽ കോർക്കപ്പെട്ട നമ്മുടെ നവമാല്യം
മാലിന്യമേലാതെന്നും നിർവൃതി നൽകിക്കൊണ്ടു
ലാലസിച്ചീടട്ടെ മാതൃദേവി തൻ തിരുമാറിൽ!
വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിനദ്വൈതസിദ്ധാന്താധ്യാപികയാളെ!

മാതൃവാക്കൊന്നാകണം നമുക്കു സാക്ഷാൽ വേദം;
മാതൃശുശ്രൂഷയതാകണം മഹായജ്ഞം;
മാതാവിന്നുഴിഞ്ഞിടുകാത്മജീവിതം! പ്രിയ-
ഭ്രാതാക്കന്മാരേ, പാരിൽ ദൈവമേതുള്ളു വേറേ?
വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ സ്വാഭീഷ്ടസാധകപ്രസാദയെ!

Digitized By Kerala Sahitya Akade

# II

## ഒരുൾനാട്ടിലെ മഞ്ഞുകാലം

കഴിഞ്ഞുപോയ് നിർമ്മലതാഗുണത്താൽ
കൃതാർത്ഥമായ് വാണ ശരത്തുകാലം
കനത്ത മഞ്ഞാൽക്കലുഷാശമായ
കാലം കരാളം കലി പോലണഞ്ഞു.

ഹാ. കാലഭേദം ചെറുതോ? കരങ്ങ-
ളോരായിരം പൂണ്ട ദിവാകരന്നും
തടുത്തുകൂടാത്ത വിധത്തിലല്ലോ
ജൃംഭിച്ചിടുന്നു ജഡമാം ഹിമൌഘം.

ആവോളമീടാർന്നു വളർന്ന മഞ്ഞാ-
ലാപാണ്ഡുരശ്രീ പെടുമന്തരിക്ഷം,
പൊഴിഞ്ഞ പാച്ചോറ്റിമരങ്ങൾ പൂത്ത
പൊത്തട്ടിനൊക്കും പരിപാടി നേടി.

താനേ ശരീരം മരവിച്ചുപോമീ-
ത്തണുപ്പു താങ്ങാനരുതാത്ത മട്ടിൽ
എല്ലാപ്പോഴും നല്ല പനിപ്പുതപ്പി-
ട്ടിരിക്കയാണാശകൾ പോലുമിപ്പോൾ.

ഇതാ, വിമുക്തപ്രമദാജനങ്ങൾ
പോലുഗ്രശീതാനിലബാധമൂലം
നിഷ്പത്രപുഷ്പാഭരണങ്ങളായി
വിളർത്തു നില്ക്കുന്നു ലതാഗണങ്ങൾ.

Digitized By Kerala Sahitya Akade

ഹാ! ഹന്ത! ഹേമന്തമഹോത്സവത്തിൽ
ക്രൗഞ്ചങ്ങളാം പക്ഷികൾ പാടിടുമ്പോൾ,
തണുത്തു തുള്ളും നരർ താടികൊണ്ടു
താളം പിടിക്കുന്നു തരത്തിനൊപ്പം.

ദിനാധിപൻ വിത്തപദിക്കു വിട്ടു
നിശ്ശ്രീകനായ് വന്നതിലല്ലൽകൊണ്ടോ,
തുഷാരബാഷ്പാർദ്രമുഖങ്ങളായി-
ക്കൃശങ്ങളാകുന്നു ദിനങ്ങളിപ്പോൾ!

ശരിക്കുഷസ്സിങ്കലുണർന്നെണീറ്റി-
ശ്ശീതത്തെയേതും വകവെച്ചിടാതെ
കുളിപ്പണിക്കായ് നടകൊണ്ടിടുന്നു
ദാരിദ്ര്യതാപാവൃതരാം ജനങ്ങൾ.

പ്രശീതമാം പല്വലനീരിൽ നീണ്ടു
കൊക്കൊന്നു മുക്കുന്നതു താഴ്ത്തുമൂലം,
പ്രാതല്ക്കു മീൻകുഞ്ഞിനെ നേടിടാഞ്ഞി-
ച്ചിത്രാംഗമാം പൊന്മയുഴന്നിടുന്നു.

ചെമ്പിച്ചതാം വൻചിറകും, വെളുത്ത
കഴുത്തുമുള്ളോരു പരുന്തിദാനീം
മത്സ്യത്തെ റാഞ്ചുന്നതിനായ് കുളത്തിൻ
മേലേ വലംവെച്ചു പറന്നിടുന്നു.

ഹിമാക്രമാലാത്തജപത്മനാശ-
മാപ്പെട്ടതിൽദ്ദുഷ്പ്രസഹാർത്തിയാലോ,
ക്രമേണ ശോഷിച്ചവരും കുളങ്ങൾ-
ക്കല്ലേതരം ബാഷ്പമുയർന്നിടുന്നു.

Digitized By Kerala Sahitya Akade

പറമ്പിലങ്ങിങ്ങു വിരിഞ്ഞു നില്ക്കും
പട്ടിന്നു നേരാം പനിനീർസ്സുമങ്ങൾ,
അകമ്പമിങ്ങേകിയ ശീതകാല-
ക്രൌര്യത്തെയൊട്ടൊട്ടു മറച്ചിടുന്നു!

തലേന്നു രാവിൽ,പ്പനിനീർമലക്കു്
മേലേ വിരിച്ചോരു നനുത്ത വസ്ത്രം
കാലത്തെടുത്തൊന്നു പിഴിഞ്ഞു, നല്ല
ഗന്ധദ്രവം നാരികൾ ശേഖരിപ്പൂ.

വിലോല പത്രങ്ങളിൽ മുത്തുരത്നം
പോലേ വിളങ്ങും ഹിമബിന്ദുതോറും
ബാലാതപം തട്ടി, വിചിത്രഭാസ്സായ്-
ക്കാണപ്പെടുന്നു കദളീകദംബം.

അങ്കസ്ഥലം കേറിയിരിക്കുമാട്ടിൻ-
കിടാവിനെ,പ്പുത്രനെയെന്നപോലേ
മാറോടണയ്ക്കുന്നിടയക്കു് ശീതം
മഹാർഹസൌഖ്യപ്രദമെന്നു തോന്നും.

കടുത്ത നക്രങ്ങളിതാ! കുളത്തിൻ
കരപ്പുറത്താതപമേല്ക്കുവാനായ്
കേറിക്കിടക്കുന്നു പലേടമോരോ
നെടുംകരിങ്കല്ലു പതിച്ചപോലെ.

തങ്ങൾക്കു കൺകാഴ്ച കൊടുക്കുമർക്ക-
ന്നച്ഛസ്സുമിപ്പോളൊളി കെട്ട മൂലം
മഹാരസം പൂണ്ടു, മരങ്ങൾതന്മേ-
ലിരുന്നിതാ, മൂങ്ങകൾ മൂളിടുന്നു!

Digitized By Kerala Sahitya Akade

— വ്യ —

അന്ധാതിടം വീടുകൾ, മിക്കവയാകും
വാതായനക്കണ്ണു തുറന്നിടാതെ
കാണാമസ്വരാൻ കാരണം, മിത്ഥ്യാചാര-
വിഷസ്രവോൽപന്നവിമൂർച്ഛ താനോ!

പെരുംപിശുക്കുള്ള ജനങ്ങൾ വെച്ചു
സൂക്ഷിച്ച നാണ്യങ്ങളിലെന്നപോലെ,
വ്യാപാരലോപാലിത താലവൃന്ത-
വൃന്ദങ്ങളിൽ ‘പൂപ്പൽ’ പിടിച്ചിടുന്നു.

രാവിങ്കലത്യുഗ്രഹിമാക്രമത്താൽ
പേർത്തും വിറയ്ക്കുന്ന ജനത്തിനെല്ലാം
ശരണ്യമിപ്പോൾ പകലാണു;—തിന്നോ
ക്രമത്തിലായുസ്സു കുറഞ്ഞുമായി!

മഞ്ഞായ മാററാലനോട്ടുതോററുഴന്നോ,
മഹാജവാൽപ്പോയ് മറയുന്ന സൂര്യൻ!
അത്യുന്നതസ്ഥാനഗർ മാററലക്ക്
കീഴ്പ്പെട്ടിരുന്നീടുകയില്ലയല്ലോ.

ഉടല്ക്കു ദൈവം ദയയാൽ കൊടുത്ത
രോമാഞ്ചമാമഞ്ചിതകഞ്ചുകത്താൽ
തണുപ്പു തട്ടാത്തവർ പോലെ, പിച്ച-
ക്കാരങ്ങുമിങ്ങും നടകൊണ്ടിടുന്നു.

സ്വാൽവപ്പുതപ്പിട്ടു നരേന്ദ്രരേയും
ചെന്നാക്രമിക്കും ജഡിമോച്ചയത്തെ
അഹോ! കരസ്പാസ്തികബന്ധമൊന്നാ-
ലകററി നിർത്തുന്നിതകിഞ്ചനന്മാർ.

Digitized By Kerala Sahitya Akade

ഞെപ്പിനാൽക്കൊച്ചി വലിച്ചിടുന്ന
കൈകാൽകളിലക്കിഞ്ഞുന ചോരയോടാൻ,
തോട്ടങ്ങളിൽച്ചപ്പില കൂട്ടി നന്നായ്–
ത്തീയിട്ടു കായുന്നു കൃഷിപ്പണിക്കാർ.

ജ്വാലയ്ക്കു നേരേ മുകളിൽക്കമിഴ്ത്തി–
പ്പിടിച്ചിട്ടും പാണികൾകൊണ്ടു നൂനം
അനുഗ്രഹിക്കുന്നു, ഹിമാർത്തി തീർത്തു
രക്ഷിച്ച ധൂമധ്വജനെജ്ജനങ്ങൾ!

ചെന്തീക്കനൽച്ചാർത്തകമേ നിറച്ചു
വെറുംനെരിപ്പോടിനെ, ലോകരിപ്പോൾ,
രത്നങ്ങളാൽത്തിങ്ങിയ പൊൻകുടത്തെ–
പ്പോലാണു മാനിപ്പതു കാലഭേദാൽ!

ഗൃഹത്തിലെജ്ജോലി കഴിച്ചു, കാന്തൻ
വരുന്നതും കാത്തമരും വധൂജനം
പൂമച്ചിലത്തിക്കു പുകച്ചു 'മട്ടി–
പ്പാലിൻ' മണം ഹാ! പടരുന്നു പാരിൽ.

അതാതിടം കൊയ്ത്തു കഴിഞ്ഞിടാത്ത
പാടങ്ങൾ പാടേ വിളവാർന്ന നെല്ലാൽ,
തണ്ടാരിൽമാതർപൊട്ടു നൃത്തമാടും
തങ്കത്തറയ്ക്കൊത്തു വിളങ്ങിടുന്നു.

'ചെമ്പോത്തിനും പ്രീതി കുറഞ്ഞിടേണ്ടെന–
ക്കോണോട്ടുവാനെന്നുഴലാർന്ന പോലെ,
നിറഞ്ഞ മഞ്ഞിൻനിരയാൽ നിതാന്തം
വിറുങ്ങലേറ്റാർത്തിയിന്നിതു വെണ്ണിലാവും.



Digitized By Kerala Sahitya Akademi

പാടത്തു നെൽ കാപ്പതിന്നായ്, ച്ചുവട്ടിൽ-
ഞ്ഞിയിട്ട മാടത്തിലെഴും ജനങ്ങൾ
ഉറങ്ങീടങ്ങി, നിശ പോലെ നീണ്ടു
നില്ക്കും നിനാദമൊത്താട്ട കൂക്കിടുന്നു.

മഞ്ജുശ്രീയണിമഞ്ഞുകാലമിതിനെ
പ്പാടിപ്പുകഴ്ത്തും വിധം,
കർണ്ണത്തിന്നമൃതാം കളസ്വനമതി-
ക്കണ്ണാരിളംതത്തകൾ
നിത്യം, നൽപ്പവിഴപ്പൊളിക്കു ശരിയാം
കൊക്കിന്നലങ്കാരമായ്
മിന്നും പൊന്നെതിർനെൽക്കതിർക്കുല കൊ-
ണ്ടേകുന്നു സമ്മാനമായ്.

# III

## ഒരു ചിത്രം

(കൃഷ്ണഗാഥാ രീതി)

നില്പിതു കാണ്കൊരാൺകുഞ്ഞിതാ, തൻകുഞ്ഞി-
ക്കയ്യിൽച്ചെറിയ പാൽപ്പാത്രവുമായ്,
പയ്യിനെക്കാലെ കറന്നീടുമമ്മതൻ
മെയ്യിൻ വലംവശം ചാരിനില്പൂ.

മാതാവോ, പൈപതം നിർത്തി, മണിവള-
ച്ചാർത്തണിഞ്ഞ വലത്തു കയ്യാൽ

Digitized By Kerala Sahitya Akade

പൈതലെപ്പെറ്റുവളർച്ച പുണ്യവതി-
പ്രീതയായ്ക്കോൾമയിർക്കൊണ്ടീടുന്നു.

ചേലുററ പാത്രത്തിലമ്മ നറുംചുടു-
പാലും പകർന്നു കൊടുത്തതിനാൽ,
ബാലന്റെ ചെന്തൊണ്ടിവാച്ചധരിൽച്ചുററു
പാലഞ്ചും പുഞ്ചിരി തഞ്ചിടുന്നു.

താമരത്താരിതൾപോലെ നെടുതായ,-
ത്തുമയ്യെഴുതിയ കണ്ണിണയിൽ
പ്രേമവും ഹർഷവുമൊക്കൊള്ളുമുണ്ണിത-
ന്നോമനവക്ത്രമിതെത്ര രമ്യം!

പൂമൊട്ടെന്നോർത്തുവാനെത്തും കഴിവില്ലാ-
ത്തിമ്മധുരാനനമൊന്നു കണ്ടാൽ,
അമ്മയ്ക്കു മാത്രമല്ലാർക്കുമേ ചെന്നെടു-
ത്തുമ്മവെച്ചീടുവാൻ തോന്നുമല്ലോ.

കേവലമൈശ്വര്യം കൊഴുത്തുണ്ടുള്ളോരി-
പ്പുവൽമേയ് പൂർണ്ണന്മാർ താൻ പുണ്യവാന്മാർ;
ലാവണ്യദുഗ്ദ്ധം കടഞ്ഞെടുത്തീടിന
ള്ളവെണ്ണയോ ഇതു തമ്പുരാനേ!

ക്ഷോണിക്കുത്സവം നൽകാൻ ദൈവം താൻ കത്തിച്ച
കാണിക്കയാം കാഞ്ചനക്കൈവിളക്കോ!
ചാണയ്ക്കു വെച്ചുരച്ചന്തം വരുത്തിയ
മാണിക്യമല്ലോ ഈ മഞ്ജുരൂപം!

വെൺതിങ്കൾബിംബത്തിൻ സൗമ്യപ്രകാശവും,
മുന്തിരിസ്സത്തിന്റെ മാധുര്യവും,

Digitized By Kerala Sahitya Akade

പൂന്തയ്യത്തെഞ്ഞാലിൻ പൂർണ്ണകുളിർമയും,
മന്തളിർത്തൊത്തിന്റെ മാർദ്ദവവും,

വാനിൽ നവരത്നതോരണം കെട്ടുന്ന
വാർമഴവില്ലിന്റെ നല്ലഴകും,
വാടാതെ സന്ധ്യയ്ക്കു മന്ദം വിരിയുന്ന
വാസന്തിപ്പൂവിന്റെ വാസനയും—

ഒരുമാനന്ദമേകുന്ന പദാർത്ഥങ്ങളാം
ഒരുമൊ ന്നിച്ചൊരുമെയ്യിൽ!
ഒററാകമല്ലിന്നു, മാന്യയശോദതൻ
കററക്കിടാവായ കണ്ണനത്രേ.

അമ്മയ്ക്കു പാൽപ്പാത്രം കാണിച്ചുനിന്നിട്ടു-
മിമ്മലർക്കോമളത്തൃക്കയ്യാല്ലാ,
അമ്മഹാമല്ലരാം ചാണൂരമുഖ്യരെ-
ച്ചുമ്മന്തിപ്രായമരച്ചുവിട്ടു.!

ആറേഴു നാളൊരു കുന്നിനെയൊററക്ക-
ത്താരാൽക്കുടയായ്പ്പിടിച്ചോനിവൻ,
ഏറിയാൽ മൂഴക്കു കൊള്ളുമിപ്പാത്രത്തെ-
ക്കൈകൾ രണ്ടുംകൊണ്ടും പിടിച്ചിരിപ്പൂ!

പീലികളും വെച്ചു മേല്പോട്ടായ്ക്കെട്ടിയ
നീലിമ ചേരുന്ന കുന്തളത്തിന്മേൽ
മാലിന്യമേലാത്ത മുത്തുമണിമയ-
മൌലിവിഭൂഷണമൊന്നണിഞ്ഞും;

നന്മഷിക്കോലിനെ വെല്ലുന്ന ചില്ലികൾ-
ക്കുൻമദ്ധ്യഭാഗത്തായ്ത്തെല്ലു കീഴെ,

Digitized By Kerala Sahitya Akade

ഗോപിമാർ ചുംബിച്ച നിർമ്മലനെററിമേൽ
ഗോപി ചെങ്കുങ്കുമം കൊണ്ടു തൊട്ടും,

കർണ്ണങ്ങൾ രണ്ടിലും കഞ്ജകുസുമത്തിൻ
കർണ്ണികയെല്ലാത്ത 'കുടക്കടുക്കൻ'
കണ്ണാടിച്ചില്ലൊക്കും ഗണ്ഡത്തിൽ ബിംബിച്ചു
കണ്ണാടിച്ചിന്നുംമാറുജ്ജ്വലിച്ചും,

മെച്ചമാം കണ്ണെത്ത മാറോളം തൂങ്ങിയോ-
രച്ഛഹാരത്താലലംകരിച്ചും,
പിച്ചിപ്പൂമാലകൾ പോലാം ഭുജങ്ങളിൽ-
പ്പൃക്കൽ വെച്ച വളകളിട്ടും,

മൊട്ടുള്ള പൊൻതുടർ മിന്നുമരയിങ്കൽ
പട്ടുകോണകമുത്തും ചെമ്മേ,
പട്ടും പണിയുന്ന പാദങ്ങളിൽ വില-
പ്പെട്ടുള്ള രത്നച്ചിലമ്പു പൂണ്ടും

അമ്മതൻ മെയ്യ് ചാരി നില്പോനേ, ലോകങ്ങൾ-
ക്കമ്മയുമച്ഛനുമായവനേ,
ധർമ്മസംരക്ഷയ്ക്കായ് കൂടെക്കൂടെ ജന്തു-
ധർമ്മം കൈക്കൊള്ളും പരമാത്മാവേ,

ഭാവം പാർത്ത്യാടിപ്പെണ്ണുങ്ങൾതൻ മുന്നിൽ,
പാൽവെണ്ണയൊട്ടൊട്ടു കിട്ടുവാനായ്,
മൂവടികൊണ്ടു മുപ്പാരുമളന്നതു-
ക്കാൽ വെച്ചു തത്തിക്കളിക്കുന്നോനേ,

ഓടക്കുഴലൂതിശ്ശീലിച്ചപ്പോഴുമി-
പ്പാടലപാദവച്ചുണ്ടിനാലേ

Digitized By Kerala Sahitya Akademi

പ്രേമാധനാം ഫൽഗുനന്നുൽകൃഷ്ടധർമ്മത്തിൻ
ഗൂഢതത്ത്വമുപദേശിച്ചോനേ,

ബാലകരൂപനാം നിന്നുടെയത്ഭുത-
ലീലകൾ കണ്ടോ പറഞ്ഞാലറ്റം?
നീലകളേബര, നിശ്ശേഷവിശ്വൈക-
പാലക, "പാഹി," പണിഞ്ഞീടുന്നേൻ.

വൃക്ഷവർഗ്ഗങ്ങളിൽച്ചെന്തെങ്ങാണങ്ങുന്നു
നക്ഷത്രവർഗ്ഗത്തിൽ ശുക്രനത്രേ,
രക്ഷികളാം ബന്ധുവശ്രേണിയിലമ്മതാൻ,
പക്ഷികുലത്തിലോ പച്ചക്കിളി,

നാനാചെടികളിൽത്തൃത്താവാകുന്നു നീ,
മാനായ ജാതിയിൽ കൃഷ്ണമൃഗം;
നൂനമൃതുക്കളിൽ മാധവമാസം നീ;
പാനവസ്തുക്കളിൽപ്പാലു തന്നേ;

ഗാനയന്ത്രങ്ങളിൽ വീണാപ്രകാണ്ഡം നീ
സൂനങ്ങളിൽ പനിനീർപ്പൂവു നീ;
സ്നാനം കഴിക്കേണ്ടും തീർത്ഥശതങ്ങളിൽ
വാനവഗംഗ നീ വാസുദേവ!

എന്തിലും മീതെ വിളങ്ങുന്ന ദൈവമേ,
ചിന്തിതസർവ്വസ്വചിന്താമണേ,
അന്തിക നാമം ജപിക്കുമ്പോൾ നിത്യമീ
നിൻതിരുമെയ്യുള്ളിൽക്കാണേണം മേ!

# IV

## ഒരരിപ്പിറാവ്

പുലർകാലമെനിക്കു പുണ്യമിന്നു-
ജ്ജ്വലതേജസ്സെഴുമോമനപ്പിറാവേ!
ഉലകിൽ പ്രിയദർശനൻ ഭവാനെൻ
നിലയോപാന്തമലങ്കരിച്ചുവല്ലോ.

ചിറകിന്റെ ചിതപ്പെടുന്ന നാനാ-
നിറവും, ചുണ്ടുപദങ്ങൾതൻ തുടുപ്പും-
പറവാൻ പണി, ഗാത്രസൌഭഗം തേ
പറവച്ചാർത്തിനു മാനഹേതു പാരം.

ഇരുകണ്ണിലു കുങ്കുമദ്രവത്താൽ
നറുതേൻവാണികൾ തൊട്ട പൊട്ടു പോലെ;
ചുരുളിപ്പൊഴുതേ വിടർന്ന വാഴ-
ച്ചെറുകൂമ്പിൻപടി കോമളം ത്വദംഗം.

അലസാതൊരു സൂചിശില്പദക്ഷൻ
പല വർണ്ണങ്ങളിലുള്ള പട്ടുനൂലാൽ
നലമാം പടി തയ്ച്ചു തീർത്തതോ, നിൻ
മലർമെയ്യെത്ര മനോഹരം പിറാവേ!

അതിസിതമനോജ്ഞമാർദ്ദവത്താൽ
തനിവില്ലീസ്സൊടിടഞ്ഞ താവകാംഗം
കനിവിൽത്തടവുന്നു ബാലസൂര്യൻ,
പനിനീർപ്പൂം പണിയുന്ന തൻകരത്താൽ!

Digitized By Kerala Sahitya Akade

സ്ഫുരദംഗമരീചിവീചിയാലെൻ;
പുരമുററത്തു, പുരന്ധ്രിമാർ കണക്കെ,
വിരവോടു വിചിത്രമംഗളപ്പൂ-
നിര കാലത്തു വിരിച്ചിടുന്നിതോ നീ!

ഭുവനത്രയശില്പി ചിത്രരത്ന-
പ്രവരശ്രേണി പതിച്ചതിൻ പ്രകാശം
തവ മെയ്യിലിതാ, പതിന്മടങ്ങായ്
നവസൂര്യക്കതിരേററു മിന്നിടുന്നു.

അതിരററഴകുള്ളതായ കാർവി-
ല്ലതിവേഗേന മറഞ്ഞു പോകുമല്ലോ;
അതിനാൽ വിധി പേർത്തു തീർത്തതാവാം-
മതിനൊക്കുന്നൊളി വീശുമിക ഖഗത്തെ!

തവ ഗേഹിനിയെങ്ങു? ലോകനേത്രോ-
ത്സവമേ, താങ്കൾ തനിച്ചു പോന്നതെന്തേ?
അവൾ കൊച്ചുകിടാങ്ങൾതൻ തുണയ്ക്കായ്-
ഭ്ഭവനത്തിങ്കൽ വസിക്കയായിരിക്കാം!

പ്രകൃതിസ്പൃഹണീയ, നിൻകുടുംബ-
പ്രകൃതപ്രശ്നസമുദ്യമം വൃഥാ മേ:
പ്രകൃതീശ്വരി തന്നെ കാത്തുപോരും
സുകൃതാത്മാക്കളിലെന്തു സൗഖ്യഭംഗം?

അരി ഞാൻ വിതറിത്തരാം നിനക്കു;-
ന്നരികത്തെത്തുണ്ണുകെന്നൽപ്പിറാവേ!
ശരിയായ് മമ മന്ദിരാഗതൻ നീ-
യതിച്ചെപ്പെട്ട വിരുന്നുകാരനത്രേ.

Digitized By Kerala Sahitya Akade

ഹിതമാകില്ല, മൂഢപ്രിയങ്ങളോടെന്നാൽ
കൃതമാതിഥ്യമിതാദരിച്ചിടാതേ,
ധൃതമൌനമൊഴിഞ്ഞു പോവതെന്താ-
ണിതരാന്വേഷണാസക്തനാംവിധം നീ?

അഥവാ, തവ കൎമ്മമല്ലിതോൎത്താൽ;
കഥമെന്നിൽ പ്രതിപത്തി തോന്നിടും തേ?
'കഥ'യേറുകയാൽ സ്വകാൎയ്യമാത്ര-
പ്രഥമാനോദ്യമനല്ലയോ മനുഷ്യൻ!

നരർ മേന്മ നടിച്ച ജന്തുഹിംസാ-
കരമാം ജീവിതസംഗരം മതിക്കേ,
പരപീഢ പെടാതെ നാം കഴിപ്പൂ
ചിരമിസ്സാധുഖഗങ്ങൾ ശാന്തവൃത്ത്യാ.

ധരതൻ ദയകൊണ്ടു വല്ലതും തെ-
ല്ലിര കിട്ടീടലിതിന്നു തൃപ്തിയായി;
മരണം വരെയും മനുഷ്യനുണ്ടോ
ഉരമാറുന്ന സുഖോപലബ്ധിയിങ്കൽ?

അതിമോഹനരത്നമേട കേറി
സ്ഥിതി ചെയ്യുകില്ല, മഹന്നു തുഷ്ടി തോന്നാ;
ഇതിനോ ചെറുതായ വല്ല പൊത്തും
മതി, പൈതങ്ങളുമായ് സ്സുഖിച്ചു പാൎപ്പാൻ.

അവനീശത വേണമാഢ്യനു;- വീ-
ധവനാശിപ്പിതു ചക്രവൎത്തിയാകാൻ;
അവനോ ഭുവനാധിപത്യലുബ്ധൻ;
ശിവനേ! മൎത്ത്യനു തൃഷ്ണ തീരലുണ്ടോ?



Digitized By Kerala Sahitya Akade

മൃഗവേട്ട തന്റെ മേന്മ മാത്രം
കരുതും ബുദ്ധിപ്രകർഷമുള്ള മർത്ത്യർ
ഒരു കോലളവൂഴി കിട്ടുവാനായ്-
പ്പുരുരക്തതടാകമായിരം ചമപ്പൂ!

മുടിയട്ടും ഭുവനങ്ങളൊക്കെയെന്നാൽ
മുടിയട്ടേ; നരനത്ര ഭീരുവാണോ!
ചൊടി കൂടുമവന്നു തൻജയച്ചെ-
ങ്കൊടി പൊങ്ങിക്കണമന്യനാട്ടിലോകം!!

അതിനിഷ്ഠുരജീവിതാഹവാഹം-
കൃതിയാലെത്ര ഭയങ്കരം പ്രപഞ്ചം!
അതിനൊട്ടൊരു സൌഹൃദഭാവമേക-
ന്നതിനാണീദൃശസത്ത്വസൃഷ്ടി നൂനം.

മഴവില്ലു പിഴിഞ്ഞെടുത്ത സത്താ-
മഴകേ, മന്ദമകന്നകന്നുപോയ് നീ
അഴലിങ്ങുളവാക്കി സൌഖ്യമായ്ച്ചു-
പ്പുഴതൻ കൊച്ചുതരംഗമേ, പിറാവേ!

ഭുവി കൊക്കുകൾകൊണ്ടു കൊത്തിയും, തൻ-
പവിഴച്ചെങ്കഴൽ മെല്ലെ മെല്ലെ വെച്ചും,
സവിലാസമിവന്റെ കൺ കുളുർപ്പി-
ച്ചിവിടത്തെല്ലിടകൂടി ലാത്തുന്നു നീ!

ഇവനിൽക്കനിയാതെ, തോപ്പിലുപ്പ-
ക്കവരം ചപ്പിലയിൽച്ചരിക്കയോ നീ;
തവ പട്ടുവിരിപ്പിൽ വെച്ചിട്ടുണ്ട-
ന്നവയാം കാൽകളിൽ മുള്ളു തട്ടിയാലോ!

Digitized By Kerala Sahitya Akade

വളരെച്ചുവരക്തരേഖ പോലും
ഗളമേതാനുയർത്തിയെന്നെ നോക്കി,
പുളകപ്രദമാം മൃദുസ്വനത്താൽ
കളകണ്ഠോത്തമ, യാത്ര ചൊൽവിതോ നീ?

എന്നാലങ്ങിനെ,യെങ്ങു തൃപ്തി തവമേ-
ച്ഛീകരിച്ചു വരെ റ്റൊട്ടിട-
ക്കുന്നാലും സ്വപമെൻമിഴിക്കുളിരയാ-
രക്കസ്ക്കിതാ വന്ദനം!

ചെന്നാശ്വാസമണയ്ക്കൂ, സമ്പ്രതി വേൾ-
പ്രത്യാഗമം കാത്തിരി-
ക്കുന്നാത്മീയകുടുംബകത്തിനിതു താ-
നത്രേ ഗൃഹസ്ഥവ്രതം.

# V
## ഒരു നായർസ്ത്രീയും മുഹമ്മദീയനും

പുരുഷമണി, പുലസ്ത്യപൌത്രഹന്താ-
വരുളിന 'വില്വമഹാദ്രി'തൻ പ്രദേശം,
ഒരു പകലവതിങ്ങു പോക്കവെ ചെലേ-
ററുരുകിയ തങ്കമൊഴിച്ചപോലെ മിന്നി.
പ്രകടതര മുയർന്നതാപമാറി-
സ്സകലരുമൊട്ടു സമാശ്വസിക്കമായെ,

Digitized By Kerala Sahitya Akademi

പകലിനെ മറവിക്കിരയ്ക്കയപ്പാൻ
മികവെഴുമന്തിമസന്ധ്യ വന്നടുത്തു.

സ്വയമലഘുതരാഭിതാപകൃത്താ-
കിയ പകലിൻറ കഠോരമാം കഴുത്തിൽ,
നിയതിയുടെ ഖഡ്ഗലത കത്തി വീണു;
വിയതി വിസ്തരമായ് നിണം ഞൊടുപ്പം!

അകലുഷഗിരിതൻ മുടിസ്ഥലത്തും
സ്വകടകഭുവിലുമുള്ള കോവിൽതോറും,
പകലൊളിയിൽ മയങ്ങി മിന്നി, ചാമ്പേ-
യകമലർമൊട്ടുകൾ പോലെ ദീപജാലം.

പെരുമലയുടെ നേർകിഴക്കു നാനാ-
തരുലതികാളി നിറഞ്ഞ കാനനാന്തം,
അരുണകരമണഞ്ഞിടാതെയായി-
ട്ടൊരുപുക പോലിടചേർന്നിരുണ്ടു കാണായ്.

ധ്രുവമിഹ സുലഭം ബഹുപ്രകാരോ-
ത്സവകരമാം വനമെന്നു കാൺകയാലോ
സ്വവസതി തിരുവില്വശൈലമാക്കി,
ദിവസശതങ്ങൾ വനേ രമിച്ച രാമൻ!

ഗിരിയിതിലമരുന്ന രാഘവശ്രീ-
ഹരിയുടെ തൃച്ചരണത്തിൽനിന്നു വീണ്ടും
പരിചിലവതരിച്ച ഗംഗപോലെ,-
ത്തരയ 'നിളാ'നദി നിർമ്മലം വിളങ്ങി.

തരുണദിനകരാങ്കുരങ്ങളൊട്ടാ-
ട്ടിളകിന വീചികളിൽപ്പതിക്കയാലേ

Digitized By Kerala Sahitya Akade

വളരുമൊരഴകാർന്നിരുന്ന പേരാ-
ലിലയുടെ പൊന്നണിമുത്തുമാല പോലെ.

പ്രതിനവമിര കൊണ്ടു കൂട്ടിലെത്തു-
ന്നതിനിന്നമൊത്തു പറന്നുപോം ഖഗങ്ങൾ
പ്രതിഫലനമിഷാൽ നിളാജലത്തിൽ-
ദ്യുതിയൊടു ചെയ്തു ദിനാന്തമജ്ജനങ്ങൾ.

പരിണതി പകലിന്നടുത്തതോർത്താ-
സ്സരിതി കളിച്ചു വിലാസിയാം സമീരൻ
പരിസരവിപിനപ്രസൂനപാളീ-
പരിമളപൂരമെടുത്തെടുത്തു പൂശി.

തിരുനിളയുടെ തീരമൊട്ടടുത്തു-
ള്ളൊരു വിപുലോന്നതമാം പറമ്പിലൂടെ
തരുണിയൊരുവൾ പോയിരുന്നു താനേ,
പെരുകുമതിൻവിജനതാഭമാത്തകാന്തി.

തളിമരവുമടങ്ങിടഞ്ഞു വള്ളി-
ക്കുടിലുമിണങ്ങിടുമപ്പുറം പറമ്പിൽ
വടിവൊടവൾ വിളങ്ങി; വാനിൽനിന്നും
ഝടിതി പതിച്ചൊരു കൊച്ചുതാരപോലെ.

ധവളപടമുടുത്ത രീതി, കണ്ണാ-
ദ്യവയവമണ്ഡനവൃന്ദസമ്പ്രദായം
സ്വവദനശശിതൻ വിശേഷതേജ-
സ്സിവ,യിവൾ നായർനതാംഗിയെന്നു ചൊല്ലി.

കളിയതുപൊഴുതേ കഴിഞ്ഞ കൊണ്ടൽ-
ക്കുളിർകുഴലാളുടെ കോമളാമലാംഗം

Digitized By Kerala Sahitya Akademi

ഒളി വിതറി; മിന്നുമക്കവേല തീരും
ലളിതസുവർണ്ണശലാകയെന്നപോലെ.

ഹരിണമിഴി ചുരുണ്ട തുമ്പു കെട്ടി-
പ്പുരിചൊട്ട പിൻവശമിട്ട കേശപാശം
പെരികെ വിലസി, നൽക്കളിന്ദജോർമ്മി-
പ്പരിഷകണക്കു നിതംബസൈകതത്തിൽ.

സുതനുവിന്റെ ശുഭ്രസ്മേരരേഖാ-
ങ്കിതവുമുദാരവുമായ നെറ്റിയിന്മേൽ,
ചിതമിയലിന തെന്നലേറ്റു ചിന്നി-
ച്ചിതറി ലസിച്ചിതു ചുരുണ്ട കുന്തളങ്ങൾ.

നളിനവദനതൻ ജപംനിമിത്തം
ലളിതചലന്മൃദുലാധരാന്തരത്തിൽ
തെളിരദനിര ദൃശ്യമായിരുന്നു:
തളിരടയിൽച്ചില മുല്ലമൊട്ടു പോലെ.

മലരഴകിൽ നിറച്ചൊരോട്ടുപാത്രം
വിലസി വിലാസിനിതന്നിടംകരത്തിൽ;
അലസതനു പൊതിച്ച രണ്ടിളന്നീർ
വലതു കരത്തിലുമുദ്വഹിച്ചിരുന്നു.

വരതനുവിവളന്നതിങ്കൽ സർവ്വോ-
ത്തരമൃതകന്നൊരു തിങ്കളാഴ്ച നോൽമ്പാൽ
ഹരജനവിധിക്കു പോകയാണി-
പ്പരമകുശോദരിയമ്പലത്തിലേക്കായ്.

സതി നിജസദനത്തിൽനിന്നു പോരു-
ന്നതിനു കുറച്ചിട താമസിച്ചമൂലം

Digitized By Kerala Sahitya Akade

## — ഒന്ന് —

പതിവുസഖികൾ മുൻകടന്നു പോയ്പ്പോ-
യതി,ലിവൾ കേവലമേകയായി മാർഗ്ഗേ.

ചുമലണിവസനത്തിനുള്ളിൽ വിങ്ങും
സുമഹിതവാർമുലയും, നിതംബഭാരം,
ശ്രമമൊടനുവദിച്ച വേഗമാന്നാ-
ക്കമയി നടന്നു കരൾക്കൊരിണ്ടലോടേ.

മടവയർമണിയാ മരുപ്രദേശ-
ക്കടലൊരുമട്ടു കടന്നു പാതിയോളം
ഉടനടിയവൾതന്റെ മുന്നിലെത്തി
സ്ഫുടതരരാക്ഷസരൂക്ഷരൂപനേകൻ.

കൊടിയൊരുടലെടുത്ത രൗദ്രമാമാ-
ത്തടിയനെ മുന്നിലടുത്തു കാൺകയാലേ
ഝടിതി പതറിയൊന്നു ഞെട്ടി, നാല-
ഞ്ചടി,യറിയാതവൾ പിന്നിലേക്കു മാറി.

പിരിമുറുകി വളഞ്ഞ മീശ, ചെന്തീ-
പ്പൊരി ചിതറും മിഴി, വട്ടമൊത്ത താടി —
ഹരി! ഹരി! യമനും നടുങ്ങുമൊന്നാ-
ക്കരിമലയന്റെ കരാളമായ വക്ത്രം!

വെറിയനവന,താതിടത്തു തട്ടി-
പ്പറി തൊഴിലായ്പ്പലരും മുഹമ്മദിയൻ,
മറിമൃഗമിഴി നിസ്സഹായ; മാർഗ്ഗം
കുറിയതുമല്ല, മനുഷ്യഗന്ധശൂന്യം!

പകലിരവവനാചരിക്കുമോരോ
വക ദുരിതത്തൊഴിലിന്റെ ലാഞ്ഛനങ്ങൾ

Digitized By Kerala Sahitya Akade

അകരുണതരനാമവന്റെ പൈശാ-
ചികവദനത്തെയലംകരിച്ചിരുന്നു!

ഒരുവക വലുതായ കത്തി കൂററൻ
തിരുകിയിരുന്നു വഴുള്ളപാദരക്ഷൽ;
പരുഷമുള്ള രസേന പാനമദരക്ത-
ക്ഷരതിയിലൂളിയിടാത്ത നാൾ ചുരുക്കം!

ഒരു ചിരി കൊട്ടുതായ്ച്ചിരിച്ചു, ചെമ്പ-
ല്ലിരുവരിയും ശരിയായ്പ്പുറത്തു കാട്ടി,
തരുണിയൊടതിനീചഭാഷയിൽ, താൻ
കരുതിയ കാര്യമവൻ കഥിച്ചുകൊണ്ടാൻ.

പരധനഹരനാമിവന്റെ നോട്ടം
വരതനുവിൻ മണിഭൂഷണത്തിലല്ലാ;
ഹര! ഹര! ശിവ! തൽസതീത്വവിത്തം
വിരയെ ഹരിപ്പതിനാണിവൻ കൊതിപ്പൂ!

പെരിയ ഭയമിതെന്തിനാണു? ശോണാ-
ധരികളെയും ഞാനപദ്രവിക്കയില്ല;
വരിക; നമ പുരത്തേക്കു പോകാം
ത്വരിത,മിതാണുരചെയ്തുദഗ്രശീലൻ!

കയൽമിഴിയുടെ കണ്ണിരുട്ടടഞ്ഞു;
മയമിയലും മനമത്രയും മയങ്ങി;
ഉയരുമഴലറിഞ്ഞിടാഞ്ഞു സ്വയമിന്നീ-
ബ്ഭയപരിമൂർച്ഛ തുണച്ചിതൊട്ടുനേരം.

പടുലപട,മൊരുന്നതാചലത്തിൻ
കൊടുമുടിതന്റെ മുനമ്പിൽനിന്നു, താഴെ

Digitized By Kerala Sahitya Akade

പടുകുഴിയിൽ വിഴാൻ തുടങ്ങിടുമ്പോഴാം
പെടുമൊരവസ്ഥയിലായിതാക്കുമാരി.

ശിലയുമലിയുമാമനസ്താപത്തിൽ–
പ്പലതരമർത്ഥന ചെയ്തു നോക്കിയിട്ടും
ഫലമഹഹ! ലഭിച്ചതില്ലവൾക്കു;–
ഖലനൊരുമിച്ചു ഗമിച്ചിടേണ്ടിവന്നു.

സ്മരഹര, ഭഗവൻ, ഭവൽപദാബ്ജ–
സ്മരണയിലാണ്ടൊരു സച്ചരിതാഢ്യയാളെ
സ്മരവശനാമൊരു നീചനാക്രമിപ്പാൻ
സരഭസമൊരുങ്ങുന്നതു കാണ്മതില്ല!

ചപലതയുടെ ശാസനത്തിനാലോ,
വിപദി കഥഞ്ചന ധൈര്യമില്ലായ്കയാലോ,
അപഭയനിലയെ ക്രമേണ പൂണ്ടാ
ദ്വിപനടയാളവനിൽ പ്രസന്നയായി.

തരുതതിമതിലൊത്തു, പുല്ലുമേഞ്ഞു–
ള്ളൊരു കുടിലിൽ ദ്രുതമെത്തി രണ്ടുപേരും,
ഉരുതരകൃതകൃത്യഭാവമോടാ–
ത്തരുണിയുമൊത്തിരുന്നിതുന്മത്തൻ.

സ്വതനുവിഭൂഷകളിലൊന്നിനാലത്താൻ–
വ്രതജപിപാസയടക്കുവാനൊരുങ്ങി,
ഇതരമൊരുപചാരമായ്ക്കൊടുത്താ–
ളതന്നവജ്വരമാർന്ന മാപ്പിളയ്ക്കായ്.

അലഘുദുരിതനാശകരിയെടുത്താ–
ത്തോലകൾ പഴുതറിയ കത്തിയാൽ തുരന്നു;



Digitized By Kerala Sahitya Akade

മലരൊരുപിടി വാരി വായിലാക്കി-
ക്കലവനിതസ്സു കൊടുത്തു കത്തി പിന്നെ.

അരമന്ത്യായതനത്തിലങ്ങതിഥിയായ്-
ച്ചെന്നാഗ്ഗൃഹസ്ഥന്നു സൽ-
ക്കാരം ചെയ്യു നതാംഗിയോ വിനയമോ-
ടക്കത്തി കൈക്കൊണ്ടുടൻ,

ഘോരം വട്ടമുഖം മലത്തിയിളനീർ-
വെള്ളം ചെലുത്തും ജള-
ക്രൂരൻതൻ മൊട്ടതാം കഴുത്തിലൊരു വെ-
ട്ടൂക്കിട്ടു വെട്ടീടിനാൾ.

"ഹള്ളാ" എന്നു മലച്ചു മാപ്പിള നില-
ഞ്ഞു;- കാലപാശമെത്തിയും
തള്ളാൻ പോന്ന കരാളമെന്തു? കമല-
ത്തണ്ടൊത്ത കൈയെങ്ങഹോ!

ഉള്ളാ നായർവധൂമണിച്ചുരികയാൽ,
പേർ കേട്ട തൽപൂർവിക-
ക്കുള്ളാ ക്ഷത്രിയരക്തമൊട്ടിടയുന്നാ-
ന്നൻപ്പാഞ്ഞിരിക്കുന്നതാൽ!

Digitized By Kerala Sahitya Akade

# VI

## സന്താനസൌഖ്യം.

ചിന്താശതം ചേൎന്നു സദാ ഹൃദന്തം
വെന്താളുമീ പ്രാണിനിരയ്ക്കു, പാരിൽ,
സന്താനസൌഖ്യത്തൊടു തുല്യമായി-
ട്ടെന്താണു നിർവ്വാണമൊന്നു വേറെ?

പൈതങ്ങളെസ്സംസ്കൃതപണ്ഡിതന്മാർ
പോതങ്ങളെന്നോതുവതെത്ര സാൎത്ഥം!
ആതങ്കസിന്ധുക്കളിൽനിന്നു ബന്ധു-
വ്രാതത്തെയിക്കൂട്ടർ കരേറ്റുമല്ലോ.

കരാക്ക, ദുൎവ്വാശി പെട്ടും കിടാവിൻ
കരച്ചിലും നൽക്കുളിരേകിടുന്നു;
പരക്കയാഹ്ലാദസുധാവിശേഷം
പുരണ്ട പൂപ്പുഞ്ചിരിയെന്തു പിന്നെ?

ഹാ! കള്ളവെള്ളച്ചിരിയാൽ നിറഞ്ഞ
ലോകത്തിൽ, നമ്മൾക്കു സമാശ്വസിപ്പാൻ,
അകൃത്രിമസ്വച്ഛതവമായ്ക്കിടാവാൽ
ത്തുകപ്പെട്ടും പുഞ്ചിരിയൊന്നു മാത്രം!

കാന്തം കുമാരസ്മിതമൊന്നു, ചന്ദ്ര-
കാന്തത്തിനിന്ദുച്ഛവിയെന്നപോലെ,
ശാന്തത്വമറ്റത്ര കടുപ്പമെന്തും
സ്വാന്തത്തിനും നല്ലലിവേകുമല്ലോ.

Digitized By Kerala Sahitya Akade

കിടന്നുരുണ്ടും ഭുവി, മുട്ടുകുത്തി
നടന്നു, തൊട്ടൊട്ടു പിടിച്ചുനിന്നും,
ഇടച്ചു വാക്കും പഠിപ്പിച്ചുവെച്ചു-
മിടുക്കരാകുന്നു, ധൃതി പൂണ്ടുണ്ണികളും,

പൂവമ്പിളിക്കീറിനു വാനിലേക്കു
പൂവൽക്കരം നീട്ടിയുമാശയോടേ,
പാവക്കു കാട്ടും പലഹാരമൊന്നാ-
പ്പാവം ഭുജിക്കാത്തതു പാർത്തുഴന്നും,

മൊട്ടിന്നു നേർ പല്ലുകൾ കാണുമാറു
പൊട്ടിച്ചിരിച്ചും, സഹസാ കരഞ്ഞും,
പട്ടിക്കു പിമ്പേ പതറിക്കുതിച്ചും,
തട്ടിത്തടഞ്ഞാശു കമിഴ്ന്നു വീണും,

തമ്മിൽത്തകർക്കും കളി വിട്ടൊഴിഞ്ഞ
ധമ്മില്ലകം വേർത്ത മുഖത്തു ചിന്നി,
അമ്മിഞ്ഞയെന്നമ്മയോടോതി, രണ്ടു-
സമ്മിശ്രമാം മെയ്യോടു പാഞ്ഞണഞ്ഞും,

താതന്റെ മേൽക്കേറി മറിഞ്ഞു, മേലേ
സ്വാതന്ത്ര്യമോടേ പല മട്ടിലേവം
പൈതങ്ങൾ ചേഷ്ടിപ്പതു കണ്ടിരിക്കെ-
ച്ചേതസ്സിലാർക്കന്യവിചാരലേശം?

ദേഹപ്രഭിന്നർ പരമുണ്ണി മർത്ത്യ-
വ്യൂഹത്തിനെത്രുള്ളൂ സുഖം വരുത്താൻ?
സ്നേഹത്തിൽനിന്നാണു സുഖാപ്തി; പുത്ര-
സ്നേഹം സമസ്താതിഗമാണു താനും.

Digitized By Kerala Sahitya Akade

തപസ്സ് ദാനം മുതലായ പുണ്യ-
പ്രപഞ്ചമന്യത്ര സുഖത്തിനത്രേ;
അപങ്കമായുള്ള കുലത്തിലുണ്ടാ-
മപത്യമോ സൌഖ്യമിങ്ങുമങ്ങും.

എന്താണു, പൊന്നിന്മല പോലെടുത്താൽ
പൊന്താത്ത വിത്തം നരർ നേടിയാലു ?
അന്താവശിഷ്ടം കടമാകെ വീട്ടാൻ
സന്താനസമ്പത്തിതു വേറെ വേണം!

അഖണ്ഡമായ് ഗ്ഗേഹിനിതൻ മുലക്കു
മുഖം കറുക്കും പൊഴുതിൽ, പ്രിയന്നോ,
സുഖം തരും സന്തതിലാഭമോർത്തു
മുഖം മുഴുക്കെത്തെളിവാർന്നിടുന്നു.

തുംഗപ്രഹർഷാ ജനയിത്രി കണ്ണിൻ
മംഗല്യസന്ദർശനമൊന്നിനാലേ,
തൻഗർഭഘോരപ്രസവാദിഖേദ-
സംഗത്തെയൊട്ടുക്ക മറന്നിടുന്നു!

താനാഞ്ഞു പുൽകും ശിശുവിൻ മുഖാബ്ജ-
ത്തേനായ ലാലാജലമാരിൽ വീഴ്‌വൂ;
നാനാതരം പുണ്യമൊരാൾക്കു തീർത്ഥ-
സ്നാനാൽ കിടയ്ക്കുന്നതു, വന്നു സിദ്ധം!

പെററമ്മമാർ പിച്ച നടത്തിടുന്ന
കററക്കിടാവിൻ പദപങ്കജങ്ങൾ
പെററങ്ങുമിങ്ങും പതിയുന്ന വീട്ടിൻ-
മുററങ്ങണിപ്പൂവിടൽ വേണ്ട വേറെ!

Digitized By Kerala Sahitya Akade

തകൎത്തു മണ്ടിപ്പല 'കാട്ടു കാട്ടു'
മകന്റേം പൂമേനി പുണൎന്നിടുമ്പോൾ
പകൎന്ന പങ്കാ, മഞ്ജക്ഷടൽക്കൊരാ-
രകല്മഷാനൎഘതരാംഗരാഗം!

ഝമായമായ് പ്പൈങ്കിളികൾക്കു തുല്യം
കുമാരർ കൊഞ്ചും കളഭാഷിതത്തെ
സമാസ്വദിപ്പാൻ കഴിയാത്ത കൎണ്ണം
പുമാനു,തന്നാനനഭൂഷ മാത്രം!

അ വൎണ്ണ്യശുദ്ധ്യാദിഗുണങ്ങളെന്തി-
ന്നീ?- വത്സർതൻ ജല്പിതമെത്ര രമ്യം!
ഹാ! 'വശ്യവാക്കാം കവിതൻ കൃതിക്കു-
മീവണ്ണമുണ്ടോ ഹൃദയംഗമത്വം?

നിരന്തരം വീടിനു നൈവിളക്കു; മെ-
ല്ലൂരത്തുതപ്പാൽക്കിഴി; കണ്ണിനുത്സവം!
ഉരഃസ്ഥലത്തിന്നു മണിപ്പതക്കം;- മീ
നരൎക്കു നാനാസുഖസംഗ്രഹം സുതൻ.

Digitized By Kerala Sahitya Akade

# VII
## മാതൃഭൂമിയോട്

എന്തിഹ തിരുമുഖം താഴ്ത്തിക്കൊണ്ടിരിക്കുന്നു!
നിന്തിരുവടി, യമ്മേ, നിഭൃതം കരകയോ?
മാലിയന്നനേകമാപത്തുകൾ പല നാളായ്-
ശ്ശീലിച്ച വേതിസ്സും കണ്ണുനീർ. പൊടിയുന്നോ!
അഥവാ, സ്വദുഃഖത്തിൽപ്പാറയായാലും, പര-
വ്യഥയിൽ നറുംവെണ്ണ താനല്ലോ തവ ചിത്തം.
ഞങ്ങളിത്തുമ്പഞ്ഞഴന്നുയന്ന കരങ്ങൾകൊ-
ണ്ടങ്ങിനെ തുടയ്ക്കേണ്ടു കോമളം തവ മുഖം?
ഇന്നു കിട്ടിയ പണിക്കൂലിയുമിതാ, കൊണ്ടു
വന്നു നിൻതൃപ്പാദത്തിൽ സ്സമപ്പിക്കുന്നു ഞങ്ങൾ;
അയച്ചു കൊള്ളുകിതു, മാപത്തിൽപ്പതിച്ച നിൻ-
പ്രിയസോദരിമാക്കെല്ലാ, യതായെന്നേ വേണ്ടു.
ഞങ്ങളെപ്പററിച്ചിന്ത തേടേണ്ടതല്ല; ഒരു
മംഗളവ്രതമത്രേ നിന്മക്കൾക്കുപവാസം.
ഉള്ളംകൈക്കുഴിതന്നിലൊതുങ്ങും ചെറുംപച്ച-
വെള്ളത്താൽ ദിനവൃത്തി സുഖമായ്ക്കഴിപ്പാനും
ഉള്ള വാരിധികളെയൊക്കെയുമൊന്നായെട്ടു-
ത്തുള്ളംകൈക്കുഴിയിൽച്ചേർത്താചമിച്ചിട്ടുവാനും
ത്രാണിയുള്ളവരല്ലോ താവകസന്താനങ്ങൾ;
പാണിസംസ്ഥിതമിവക്കാത്മസംയമഗുണം.
പട്ടിണി കിടന്നോററം ചടച്ച കൈകൊണ്ടു, നിൻ
കുട്ടികൾ പെരുംകന്നമൊരടിസ്സുമക്കില്ലേ?

— —

Digitized By Kerala Sahitya Akade

— ൩൨ —

പട്ടണപ്രാസാദവും പാഴ്ക്കൊട്ടകാന്താരവും,
പട്ടമെത്തയും പാറപ്പുറവുമവർക്കൊപ്പം!
ത്യാഗമോ, സർവോൽകൃഷ്ടമാകിയ ധർമ്മം, മഹാ-
ഭാഗയാം തവ പുത്രർക്കുദയാലുപദിഷ്ടം:
ഏതോ പക്ഷിയെ രക്ഷപ്പെടുത്താൻവേണ്ടി, സ്വന്തം
മെയ് തന്നെയുപേക്ഷിപ്പോർ മറ്റേതു രാജ്യത്തുണ്ടാം?
ഇഷ്ടിദം ധർമ്മോൽഗീതം കേട്ടുകൊണ്ടല്ലോ കളി-
ത്തൊട്ടിലിൽക്കിടന്നുറങ്ങുന്നതേ നിൻപൈതങ്ങൾ!
സത്യധർമ്മത്തെസ്സംരക്ഷിയ്ക്കുവാൻ സർവസ്വവും
നിസ്സങ്കം വെടിയുകെന്നതായവരുടെ ശീലം.
അടരിൽധർമ്മാർത്ഥമായ്പ്പൊരുതും നിൻപുത്രർക്ക്
വെടിയുണ്ടകളും പൂമഴയുമൊരുപോലെ!
ചെറ്റേറെ നാളായ്, കഷ്ടം, ! ഇരുമ്പു പിടിയ്ക്കിലും
പറ്റലർപ്പടയ്ക്കു നിൻപള്ളിവാളിടിവാൾ താൻ ഭൂ-
ഗർഭത്തൊളുങ്ങാഞ്ഞാശ്ശസ്ത്രങ്ങളവരുടെ
സ്വാശക്തികളേയും പുകച്ചുകളയട്ടേ!
അപ്പുക കറുകറെക്കനാകാശം തെളിയുമ്പോൾ
തൽപ്രായനഖികൾതൻ വെന്നിപ്പൊൻപതാകകൾ
രവിബിംബത്തെത്തൊട്ടു തുടങ്ങുന്നതായ്ക്കാണാം;
അവർതൻ ജയമല്ലോ നമുക്കും ജയമമ്മേ!

Digitized By Kerala Sahitya Akade

# VIII

## ഒരു ദിനാന്തസഞ്ചാരം.

ക്രമേണ മേല്പോട്ടു പടുത്തു, ചക്ര-
വാളത്തിൽ മുട്ടിച്ചായ കോട്ട പോലേ,
കിഴക്കേഭാഗത്തകലെപ്പരന്നു
കിടന്നിടും കുന്നിതു നന്നു കാണ്മാൻ.

ആദ്യത്തിലാൎത്തൽ പുക പോലെ കണ്ടി-
ട്ടുള്ളിട്ടും നമ്മുടെ കാഴ്ചയിങ്കൽ
മരങ്ങൾ പൂവല്ലികൾ മറ്റുമോരോ-
ന്നായി ക്രമാൽ വേൎതിരിയുന്നു ഭംഗ്യാം.

പ്രായേണ, പത്രങ്ങൾ നിറഞ്ഞു തിങ്ങി
നില്ക്കുന്ന വല്ലീതരുമണ്ഡലത്താൽ
പരക്കെ നല്പച്ചനിറം പെടുന്നി-
ക്കുന്നത്രയും കൺകളിരേകിടുന്നു.

ഇപ്പച്ചവൎണ്ണത്തിനിടയ്ക്കിടയ്ക്കു,
ശില്പജ്ഞർ ചായപ്പണി ചെയ്ത പോലെ
കാണപ്പെടുന്നുണ്ടു ചുകന്ന വൎണ്ണം
രണ്ടിന്നുമേറെ പ്രഭ ചേരുമാറായു്.

മരങ്ങൾതൻ പച്ചില പല്ലവങ്ങൾ
പുഷ്പങ്ങൾ പുല്ലെന്നിവയിങ്കൽ മുറ്റം
ഇപ്പോക്കവെയിലേല്ക്കുകയാൽ വ ചിത്ര-
വൎണ്ണത്തൊടിക്കുന്നു വിളങ്ങിടുന്നു.



Digitized By Kerala Sahitya Akade

ചിലേടമാച്ഛാദനശൂന്യമായും,
ചിലേടമോരോ മുകിലാൽ മറഞ്ഞും
താണും ചിലേടം, ചില ദിക്കുയൎന്നും,
നാനാപ്രകാരം വിലസുന്നു ശൈലം.

പത്രങ്ങളൊട്ടൊട്ടിളകുന്ന വൃക്ഷ-
ലതാഗണത്തിൻ പഴുതിങ്കലൂടെ
ഇളക്കമറ്റപ്പന്തിട്ടമംബരാന്തം
കാണുന്നിതങ്ങപ്പുറമാഴി പോലെ.

നൂനം, മഹത്തുക്കളിൽവെച്ചു സാധു-
സംസേവ്യനായ്ത്തീൎന്നവനി, ജഗത്തിൽ
ക്രമാൽ സമഭ്യുന്നതി നേടിയോനാ-
ണെന്നീ നഗം തൻനിലയാൽ കഥിപ്പൂ.

പലേതരം പക്ഷികൾ വിശ്വകൃത്തിൻ-
നിൎമ്മാണവൈചിത്ര്യസമൃദ്ധി കാട്ടി,
മേലിൽച്ചലിക്കും ചിറകോടു കൂടി-
ത്തങ്ങിക്കളിപ്പൂ തരുശാഖതോറും.

സദാ സഹൎഷം മരുവുന്നിവറ്റിൻ
കളോല്ലസൽകൂജിതമെത്ര രമ്യം!
അഭ്യാസമേറുന്നൊരു ഗായകന്റെ
പാട്ടിന്നുമില്ലിത്ര മനോഹരത്വം.

തുറിച്ചു കണ്ണാലകലെക്കു നോക്കി-
ക്കൊണ്ടിങ്ങിതാ, പൊങ്ങിയ പാറതന്മേൽ
വാഴുന്നു വൻപോടൊരു ഗൃദ്ധ്രവൎയ്യ-
ൻ, ഇക്കുന്നിനെല്ലാം പ്രഭുവെന്ന മട്ടിൽ.

Digitized By Kerala Sahitya Akade

നിത്യപ്പൊറുപ്പിന്നു ശവങ്ങൾ തേടു-
മിവന്നു, തൻകണ്ണിണകൊണ്ടു താനും,
നാം വെച്ചു നോക്കും കഴലൊന്നുമില്ലാ-
ത്തതീവ ദൂരസ്ഥമടുത്തു കാണാം!

ഇപ്പർവ്വതത്തിൻ ചെരുവികളായി-
ട്ടിതാ, മഹത്താം ഗുഹയൊന്നു കാണ്മൂ;
ഇതിന്നു, പൂത്തുള്ള ചെടിപ്പടപ്പു
'മേക്കട്ടി'യായ്ത്താൻ വിലസുന്നു മീതേ.

പണ്ടി, സ്ഥലം വല്ല തപോധനർക്ക-
മേകാന്തസൌഖ്യത്തെ വളർത്തിരിക്കാം!
ഇതിൽച്ചിരം തത്ത്വവിചിന്തനങ്ങൾ
തിങ്ങിപ്പുറത്തേക്കു വഴിഞ്ഞിരിക്കാം.

മൈതാനമൊന്നീ മലതൻ വടക്കു-
വശത്തിതാ! വിസ്തൃതമായ്ക്കിടപ്പൂ
ഇളങ്കുളിർപ്പുല്ലുകളാൽ നിറഞ്ഞു:
നൽപ്പച്ചവില്ലീസു വിരിച്ച പോലെ.

തന്മെയ്യിൽനിന്നെണ്ണയൊലിപ്പതായി-
ത്തോന്നിച്ചിടും കാലികളിസ്ഥലത്തിൽ
തിങ്ങുന്നിളമ്പുല്ലുകൾ തിന്നുകൊണ്ടു
മേയുന്നു മന്ദേതരമംഗിയോടേ.

ചെമ്മണ്ണെഴും നീണ്ടു വളഞ്ഞ കൊമ്പോ-
ത്തൊത്തൊരു കന്നോം വെള്ളയൂത്യങ്ങമിങ്ങും
അന്തസ്സിൽ വൻപൂഞ്ഞ തുളുമ്പുമാറു
ലാത്തുന്നു പൈക്കൾക്കെജമാനനായി!

Digitized By Kerala Sahitya Akade

പുറമെത്താരോമൽക്കിളിയെച്ചുറ്റു-
കൊണ്ടിങ്ങു മേയുന്നൊരു പോത്തിടാനീം,
വട്ടച്ച കൊമ്പുള്ള ശിരസ്സു പൊക്കി
നോക്കുന്നു നമ്മെക്കൌതുകായ കണ്ണാൽ.

സംഭ്രാന്തനാട്ടത്തൊട്ടു, സർവ്വജീവി-
സാമാന്യമാം ശൈശവമംഗി കാട്ടി,
അങ്ങിങ്ങു, വാൽ പൊക്കി,യിളക്കിടക്കു
ചാടിക്കളിക്കുന്നു പശുക്കിടാങ്ങൾ.

കന്നാലിമേയ്ക്കും പല പിള്ളർ, തമ്മിൽ-
പ്പൊത്തിപ്പിടിച്ചും, കരണം മറിഞ്ഞും,
ഇടക്കു കൂട്ടത്തൊടു കൂക്കിയാർത്തു-
മോടിക്കിതച്ചും കളിയാടിടുന്നു.

അകിട്ടിൽ മുട്ടിച്ചുരപ്പാൽ കുടിക്കും
കിടാവിനെ, പ്രേമരസാർദ്രയായി,
നെററിക്കു മുട്ടുള്ളൊരു പയ്യിതാ, തൻ-
നാവാൽച്ചിരം നക്കി മിനുക്കിടുന്നു.

ഇസ്സാധുജന്തുക്കളെ വെറും തൃണത്താൽ-
സ്സംതൃപ്തി പൂണ്ടു,ത്തമമാത്മദുഗ്ദ്ധം,
പ്രായേണ നിരാർദ്രർ തീണ്ടിടയാരാം
മർത്ത്യപ്രഭുക്കൾക്കു കൊടുത്തിടുന്നു!

ഇക്കോമളപ്പുൽത്തകിടിക്കു താഴെ,
തടങ്ങളിൽ പ്രൌഢതരുക്കൾ തിങ്ങി,
സ്വച്ഛാംബുവേറും പുഴയൊന്നു നീണ്ടു
വളഞ്ഞുകൊണ്ടങ്ങൊഴുകുന്നു, മന്ദം.

Digitized By Kerala Sahitya Akade

സായന്തനത്തെന്നൽ നനത്തൊരല്പ-
മിയറ്റമീ നിമ്നഗ നിർമ്മലാംഗം
മിന്നുന്നു: ഘനസംഗ്ഗികലക്ഷ്മി ചാർത്തു-
മനർഘമുക്താമണിമാല പോലെ.

മലയ്ക്കുടപ്പാം തുകിലാമിതിൻറ-
യോളങ്ങളിൽപ്പൊൻകസവിട്ട പോലെ,
തടദ്രുമൗഘാന്തരപാതിയായ
വൃദ്ധാംശുമൽച്ചെങ്കതിർ മിന്നിടുന്നു.

തീരത്തു, താലദ്രുമങ്ങൾ തോറും
മനോജ്ഞമാം മർമ്മരശബ്ദമേറി,
പൂവല്ലിവൃന്ദത്തെ വിലാസനൃത്തം
ചെയ്യിച്ചുളംകാറ്റിഹ വീശിടുന്നു.

കാറ്റിൽച്ചലിക്കുന്നൊരു ചാഞ്ഞ കൊമ്പിൻ
തുമ്പാൽ ജലം തൊട്ടെഴുമുങ്ങുവൃക്ഷം,
ആരോമലാമാറ്റിനെ മെല്ലെ മെല്ലെ
സ്നേഹാൽ തലോടുന്നതു പോലെ തോന്നും.

മരങ്ങൾതന്മേൽ ചില കുരിയാറ്റ-
ക്കൂടുണ്ടു ചന്തത്തൊടു തൂങ്ങി നില്പൂ:
ശിരസ്സു കീഴായ് നില കൊള്ളുമുഗ്ര-
തപസ്വിമാർതൻ ജടയെന്നപോലെ.

ചാഞ്ഞിങ്ങു നീർ തൊട്ടു കിടന്നിടുന്ന
വൻപാറമേൽ ശാന്തസരിൽപ്രവാഹം
ആമന്ദ്രശബ്ദത്തൊടു ചെന്നലച്ചു-
ച്ചിന്നുന്നു നീർത്തുള്ളി: പളുങ്കു പോലെ.

Digitized By Kerala Sahitya Akade

— സന്ധ്യ —

നല്ലോരു മഞ്ഞക്കിളി, തെല്ലുലച്ചിൽ
മുതടുന്ന വല്ലിച്ചെറുചില്ലയിന്മേൽ,
ഇതാ, നദീബിംബിതമൂർത്തിയായി-
ട്ടൂഞ്ഞാലിലാടുംപടി മേവിടുന്നു.

കരഞ്ഞിതാ, കാലികൾ നീർ കുടിപ്പാ-
നിറങ്ങിടും ഭാഗമിടിഞ്ഞു കാണ്മൂ:
സ്വാതന്ത്ര്യ്യസ്സേവകരാക്രമിക്കും
പ്രഭുക്കൾതൻ പ്രാഭവമെന്നപോലെ.

കാശങ്ങൾ, കാറ്റിലിളകിക്കളിക്കും
വെൺപൂങ്കുലച്ചാമരപംക്തിയാലേ,
ഹാ! രണ്ടു വക്കത്തുമിണങ്ങിനിന്നീ-
ത്തരംഗിണീറാണിയെ വീശിടുന്നു.

കണ്ണാടിയിൽപ്പോലെ, നിതാന്തമന്തി-
ച്ചോപ്പാർന്ന വാനം നിഴലിക്കയാലേ,
ചെന്താമരപ്പൂക്കൾ നിറഞ്ഞപോലായ്-
ക്കാണ്മൂ സരിത്തിൻനടുഭാഗമിപ്പോൾ.

സന്ധ്യാവധൂഭർത്തൃസമാഗമത്തിൽ,-
സ്സൗരഭ്യമെങ്ങും ചിതറും പ്രകാരം
നാനാമലർച്ചെപ്പുകളിങ്ങുമെല്ലെ
മെല്ലെത്തുറക്കുന്നിതു ഗന്ധവാഹൻ.

ഇന്നേക്കു വേണ്ടുന്നിര ശേഖരിച്ചു
തൻകൊക്കിലാക്കി, പ്പല പക്ഷിജാലം
പക്ഷങ്ങൾ വീശിഗ്ഗഗനേ പറന്നു
വന്നിട്ടു തൻകൂടുകൾ പൂകിടുന്നു.

Digitized By Kerala Sahitya Akade

## — ഞാൻ —

കാറേററ വെള്ളത്തിൽ വിഴും വിചിത്ര-
പുഷ്പങ്ങൾകൊണ്ടിപ്പുഴയെത്തരുക്കൾ,
നിശാഗമം കണ്ടണിയിച്ചിടുന്നു:
നവോഢയെബ്ബന്ധുജനങ്ങൾ പോലെ.

അകൃത്രിമശ്രീ,യളിഗീതി, നൽപ്പൂ-
മണം, കുളിർക്കാററ,മൃതൊത്ത വെള്ളം
ഇതൊക്കെയൊത്തീ നദി മേവിടുന്നു
പ്രാണിക്കു പഞ്ചേന്ദ്രിയനിർവൃതിക്കായ്.

പ്രപഞ്ചമേ! നീ പല ദുഃഖജാലം
നിറഞ്ഞതാണെങ്കിലു, മിത്രമാത്രം
ചേതോഹരക്കാഴ്ചകൾ നിങ്കലുള്ള
കാലത്തു, നിൻപേരിലെവൻ വെറുക്കും?

പോകാം നമുക്കിനി; മറഞ്ഞിതു ലോകചക്ഷു-
സ്സി;- കണ്ണുകൊണ്ടിഹ നടക്കുകയില്ല കാര്യം:
പാരാകെ നല്ലൊരു കരിമ്പടമിട്ടു മൂട-
മക്കൂരിരുട്ടു വിളയാടുവതിന്നടുത്തു.

വിശ്രാന്തി,ജീവിതരണശ്രമമാർന്ന ലോക-
ത്തിന്നേകുവാൻ പൃഥിവി പോലിരവെത്തിടുമ്പോൾ
തൻതുണ്ടുകൊമ്പുകളെ വിട്ടു, തൊഴില്ക്കൊരുമ്പെ-
ട്ടാവൽക്കുലം പല വഴിക്കു പറന്നിടുന്നു.

Digitized By Kerala Sahitya Akade

# IX

## ഒരു യുവാവിന്റെ ആത്മസംയമം.

(കുമ്മിഗാഥാരീതി)

സാരമായുള്ളതിന്നൊക്കെ നിദാനമാം
ഭാരതഭൂവിൻ വടക്കുഭാഗം
ചേലേന്തും വില്ലിന്റെ ഞാൺ പോലെ കാണാകും
പ്രാലേയശൈലത്തിൻ പ്രാന്താരണ്യം,
പശ്ചിമദിക്കിനെ പ്രാപിച്ച സൂര്യന്റെ
നൽച്ചെങ്കതിർക്കൂട്ടമെല്ലാമതാലേ
കൺകൾക്കു വൈചിത്ര്യം പൂണ്ടു വിളങ്ങുന്നു
തങ്കച്ചാറേറ്റം തളിച്ചപോലെ.
സായാഹ്നകാലമാട്ടിക്കിന്നു നൂതന-
മാരയോരോ മോടി പിടിപ്പിക്കുമ്പോൾ,
ആയതിലൊന്നും കൺ ചെല്ലാതെ യൗവന-
പ്രായസ്ഥനേകനങ്ങു നിൽപ്പൂ.
അക്കളിയാട്ടം നൈസർഗ്ഗികലക്ഷ്മിതൻ
പക്കൽനിന്നീയാൾതൻ മാനസത്തെ
ഉൾക്കടമാംസ്പൃഹമെന്തൊരു ചിന്തയോ
തക്കത്തിൽത്തട്ടിപ്പറിച്ചതാവോ?
ആരഹോ! ഗാത്രത്തിൽനിന്നെല്ലാം സൌന്ദര്യ-
പ്പൂരം പൊഴിക്കുമീപ്പൂരുഷേന്ദ്രൻ?
ധീരപ്രശാന്തമായ് രമ്യമാം തന്മുഖ-
സാരസത്തിങ്കലെത്തേജസ്സിനാൽ,

Digitized By Kerala Sahitya Akade

മാറത്തു പൂണൂലില്ലെങ്കിൽക്കൂടിയു-
മാരണനാണിയെന്നാർക്കും തോന്നും.
അഭ്രതരംഗിയിൽ നീണ്ടു വളഞ്ഞു പോം
ഗംഗയിൽച്ചെന്നു നീരാടിയാടി,
മാമലത്തോപ്പണിമാകന്ദവൃന്ദത്തിൻ
പൂമണമാവോളം പൂശിപ്പൂശി,
ഉത്തമപുഷ്പിതവല്ലികൾതോറും തൻ-
നൃത്തശിക്ഷാക്രമം കാട്ടിക്കാട്ടി,
മത്തുള്ള വണ്ടിണ്ടയാലേ പുകഴ്ത്തപ്പെ-
ട്ടെത്തുന്ന സായാഹ്നത്തെന്നൽ പോലും
ചിന്തയാലുള്ളെരിഞ്ഞീടുമാറസ്സൗമ്യനു
ഹന്ത! തെല്ലാശ്വാസമേകുന്നീലാ:
ദുഃഖസുഖങ്ങളും വിൺനരകങ്ങളു-
മൊക്കെ മനസ്സിന്റെ സൃഷ്ടിയല്ലോ.
ചിന്നുന്ന സായന്തനാതപമേറ്റിട്ടു
മിന്നുന്ന തൂമഞ്ഞിൻകട്ടകളെ
പാർത്തവനാർത്തിയോടൊന്നതിദീർഘമായ്
വീർത്തവയോടായിട്ടേവം ചൊന്നാൻ:-
“നിങ്ങളെ വന്നു ചവുട്ടിയലിയ്ക്കുമാ-
ളിങ്ങെന്നിൽ വൈരമിയന്ന പോലെ,
എൻകാലിൽത്തേച്ചിരുന്നോരു ദിവ്യൗഷധ-
പങ്കം കഴുകിക്കളഞ്ഞു നിങ്ങൾ,
‘ഇന്നിവനില്ലത്തു ചെൽവതു കാണേണ’-
മെന്നെന്നെ നോക്കിച്ചിരിക്കയല്ലീ!
കാലേ തിരിച്ചെത്താമൗഷധമാഹാത്മ്യ-
ത്താലേ മൽഗേഹത്തിലെന്നോർത്തല്ലോ,



Digitized By Kerala Sahitya Akade

ആയിരം യോജനയാം വഴി പിന്നിട്ടി-
ന്നീയിടത്തെത്തു ഞാൻ പോന്നതല്ലോ!
അസ്തമിക്കാറായി സൂര്യനി,ന്നെന്നുടെ
നിത്യകർമ്മങ്ങളും മുടങ്ങുമല്ലോ!
വല്ല മുനീശ്വരെയും കണ്ടുകിട്ടീടുകി-
ലില്ലത്തു ചെല്ലുവാൻ തക്ക മാർഗ്ഗം
ചൊല്ലിത്തന്നേക്കുമദ്ദേഹ"മെന്നപ്പുമാ-
നല്ലൽ പൂണ്ടങ്ങു നടന്നു മെല്ലെ.
മാമുനിദർശനം തേടുമവനങ്ങു,
മാമുനിമാർ തൻമനസ്സുറപ്പും
ഓമനക്കൺകോണാലിട്ടുടയ്ക്കുന്നൊരു
കാമിനിയാളല്ലോ കാണായ്‌വന്നു.
ഈ വരവർണ്ണിനിയാരായിരിക്കാം?— മാ
ലാവണ്യരൂപനെക്കണ്ടു കാട്ടിൽ
പൂവമ്പനാണിതെന്നോർത്താരാൽമാനിച്ചാ-
നായ്‌വന്ന വാസന്തലക്ഷ്മിതാനോ!
മഞ്ജുമലയിലങ്ങിങ്ങു വിളങ്ങുന്ന
മഞ്ജുളമന്ദാരവല്ലികളിൽ,
മത്തമരാളിയോടഞ്ചിതസഞ്ചാര-
വിദ്യ ശീലിച്ചോരു വല്ലികയോ!
ശക്രന്റെ ചൊല്ലിനാൽ, താപസമുഖ്യർത-
ന്നുൾക്കണ്ണിൽ മന്മഥമെയ്യെഴുതാൻ,
വമ്പൊക്കുമുമ്പർതൻശില്പി പണിപ്പെട്ടു
ചെമ്പൊന്നാൽ തീർത്ത ശലാകയൊന്നോ!
ആരാകിലു,മുള്ളോരാളെക്കണ്ടെത്തിയ
നേരമൊട്ടാശ്വാസം തോന്നിച്ചെമ്മേ.

Digitized By Kerala Sahitya Akade

സ്ത്രീകളിൽ വേണ്ടതാം മര്യാദ കാണിച്ചാ
ശ്രീകരനാരാൽച്ചെന്നവം ചൊന്നാൻ:—
“അല്ലയോ സോദരി, നീയാരാണോ?—താതെ—
യല്ലലിലാപ്പെട്ടൊരന്തണൻ ഞാൻ;
ഇല്ലത്തെക്കെത്തുവാനേതുമേ നിർവ്വാഹ—
മില്ലാഞ്ഞു ചുറ്റുകയാണിക്കാട്ടിൽ.”
വിപ്രന്റെ സംബുദ്ധിവാക്കിതു കേൾക്കയാൽ
ക്ഷിപ്രമാസ്സുന്ദരീരത്നത്തിന്റെ
നൽപ്പനിനീർപ്പൂവിനൊത്ത കവിൾത്തട്ടി—
ലല്പം കുറഞ്ഞു തുടുപ്പുവർണ്ണം.
നല്ല യുവാവവൻ പ്രേമസ്വരത്തിലെൻ—
വല്ലഭേ!’ എന്നു വിളിച്ചു കേൾപ്പാൻ
വല്ലപ്പോഴാശിച്ചു വന്നവളാണവൾ;
ഇല്ല തനിക്കത്ര ഭാഗ്യമെന്നോ!
ദൂരത്തുനിന്നാ മനുഷ്യന്റെ സൌന്ദര്യ—
ധാരയെ നീണ്ടിടം പെട്ട കണ്ണാൽ
പാരം നുകർന്നു നുകർന്നവളുന്മാദ—
പൂരത്തിലാകണ്ഠമാണ്ടിരുന്നു.
വിപ്രൻ തുടർന്നോതി:— “യാതൊന്നിൻ മാഹാത്മ്യാ—
ലിപ്രദേശത്തു ഞാൻ വന്നണഞ്ഞു;
അപ്പാദലേപനമീ മഞ്ഞുവെള്ളത്തിൽ—
പ്പോയ്പ്പോയിതെന്നാശയോടും കൂടെ ”
മെല്ലപ്പടിഞ്ഞാറു ചായുന്ന പത്മിനീ—
വല്ലഭബിംബത്തെപ്പേർത്തും നോക്കി
വല്ലാതെ വീർപ്പിട്ടാ വൈദികനോടുടൻ
വല്ലകീവാണി വണങ്ങിച്ചൊന്നാൾ:—

Digitized By Kerala Sahitya Akade

"അപ്രതിമോജ്ജ്വലകോമളമൂർത്തി, ഞാ-
നപ്സരസ്ത്രീകളിലൊന്നാകുന്നു;
നാമം വൈശ്രുധിനിയെന്നെനിക്കു;—ഞാനയ-
ക്കാഴ്മത കണ്ണിന്നു കർപ്പൂരം പോൽ!
ശങ്ക വിട്ടെന്നോടു ശാസിക്കാം വേണ്ടതു;
കിങ്കരിയങ്ങേയ്ക്കും പ്രേമത്താൽ ഞാൻ.
എൻകരൾപ്പൂവുകൊണ്ടന്തണവര്യ, നിൻ
ചെങ്കഴൽ പൂജിക്കയൊന്നെൻ പുണ്യം!"
പ്രേമവും നാണവും പ്രൗഢിയുമുൾക്കൊണ്ടു
കോമളഭാഷിതമോരോന്നേവം
വാസ്മലർത്തേൻതുള്ളി പോലാ വരാംഗിത-
ന്നോമനമുഖത്തുനിന്നുൽഗ്ഗളിക്കെ;
മുത്തുമണികൾ തിരഞ്ഞെടുത്തൌചിത്യ-
മൊത്തു നിരത്തിയ മാതിരിയിൽ
ചന്തവും വെണ്മയും ചേർച്ചയും പൂണ്ട ത-
ദ്ദന്തനിരയുടെ രശ്മിരാജി;
അദ്വിജശ്രേഷ്ഠൻതൻ സ്വച്ഛവിശാലമാം
ഹൃത്തിലനുരാഗപ്പൊന്നീരാളം
ഇമ്പത്തിൽത്തുന്നിപ്പിടിപ്പിക്കുവാനുള്ള
വെൺപട്ടുനൂൽ പോലെ കാണപ്പെട്ടു.
ആരണൻ വെമ്പലോടോതിനാൻ:—"ദിവ്യസ്ത്രീ-
ഹീരമേ, സ്നേഹമുണ്ടെങ്കലെങ്കിൽ,
സന്ധ്യയ്ക്കു മുന്നമെൻസത്മത്തിൽച്ചെന്നെത്താ-
നെന്തിനി മാർഗ്ഗമെന്നോതുക നീ.
പോയി ഹാ! നേരം;—മന്നില്ലമോ ഇങ്ങുന-
ന്നായിരം യോജന ദൂരത്തല്ലോ!!

Digitized By Kerala Sahitya Akade

വെട്ടിരിക്കുന്നവനായ ഞാനെങ്ങിനെ
കാട്ടിൽക്കഴിക്കുന്നു നിത്യകർമ്മം?
അഗ്നിഹോത്രാദിക്കു വിഘ്നം ചെയ്കിലോ
മഗ്നനാമല്ലോ ഞാൻ മാപാപത്തിൽ;
നിത്യനൈമിത്തികകർമ്മലോപത്തെക്കാ-
ളത്ര ഗൃഹാശ്രമിക്കുന്നധർമ്മം?"
ആശയാതങ്കമോടേവമുരച്ചവ-
നാശയാ തന്മുഖം നോക്കി നില്ക്കെ;
താമരപ്പൂമാല പോലാം കൈ കങ്കണ-
സ്തോമം കിലുങ്ങുമാറൊന്നുയർത്തി,
തൂവിരൽച്ചെന്തളിർപ്പൊന്മണിമോതിര-
ശ്രീ വിരിച്ചീടിന പാണിയാലെ
തെല്ലഴിഞ്ഞുള്ള വാർകൂന്തൽ തിരുകിക്കൊ-
ണ്ടുല്ലാസൽസുസ്മിതമോതി തന്വി:-
"യാതൊന്നിനായിട്ടു യാഗാദികർമ്മങ്ങൾ
ചെയ്തുപോരുന്നു യഷ്ടാക്കന്മാർ;
ആ മഹാസ്വർഗ്ഗവുമിക്കളിർക്കുന്നിതെന്നാം
നാമം ശ്രവിക്കിൽ നമസ്കരിക്കും!
അത്ര സമൃദ്ധവിശുദ്ധമാം ദേശങ്ങ-
ളെത്രയോനെത്തിച്ചെന്നതിപ്പോൾ;
അത്രയല്ലപ്സരസ്ത്രീ പോലും വന്നിതാ,
ഭൃത്യയായ്ക്കല്പന കാത്തു നില്പൂ!!
ഭാഗ്യത്തിൽ ഭാഗ്യമിതെല്ലാമുപേക്ഷിക്കു
യോഗ്യമോ സൌഭാഗ്യപ്പാൽക്കുഴമ്പേ?
ശർമ്മപ്രവേശം തടുത്തുകൊണ്ടോരനം
കർമ്മത്താൽ കന്മതിൽ കെട്ടാവുണ്ടോ?

Digitized By Kerala Sahitya Akade

മെയ്യോടെ സ്വൎഗ്ഗത്തിൽച്ചെന്നവനെന്തില്ല?–
മിഥ്യാമ്മയുള്ളിൽനിന്നാകെ നീക്കി,
ഇങ്ങെന്നോടൊന്നിച്ചു ദിവ്യസുഖങ്ങളെ–
ബ്ഭംഗ്യാ ഭുജിക്കുക ഭവ്യമൂൎത്തേ!”
ഏവം പറഞ്ഞവൾ തീക്ഷ്ണകടാക്ഷമൊ–
ന്നാ വഴിപോക്കന്റെ നേൎക്കു ചാട്ടി.
കാളിന്ദിയോളത്തിൽനിന്നു കരിമത്സ്യം
കേളിയാൽച്ചാടും പോലുള്ളൊ നോട്ടം,
സ്രഷ്ടാവാൽ സ്ത്രീകൾക്കു ദത്തമാം ശക്തിയാ–
യ്യൊട്ടുക്ക യോജിച്ചതായിരുന്നു;
എന്നാലുമയതു പൎയ്യാപ്തമായീലാ
ചെന്നാ ദ്വിജേന്ദ്രന്റെയുള്ളിൽക്കേറാൻ.
തിട്ടമദ്ദേഹത്തിന്നന്യസ്ത്രീവല്ലിക്കു
പൊട്ടാത്ത ചട്ടയൊന്നുണ്ടു, നെഞ്ചിൽ!
ധീരനാ ബ്രാഹ്മണൻ ധൎമ്മമാനസൻ
നേരം വൈകുന്നതിൽസ്സംഭ്രമിച്ചും,
നാരിതന്നീദൃശചാപലത്തെക്കരൾ–
താരിൽ വെറുത്തുമിവണ്ണം ചൊന്നാൻ:–
“ഉള്ള നേരത്തെയുമിങ്ങിനെ പോക്കുവാ–
നുള്ളതോ ധൎമ്മതേ, നിന്നാരംഭം?
അല്ലെങ്കിലെന്തിനു നിന്നെപ്പഴിക്കുന്നു?
ശല്യം പിണഞ്ഞതെൻതെറ്റാൽത്തന്നെ;
ദേശസന്ദൎശനവാഞ്ഛപ്പിശാചെന്നെ
വെലിപ്പീയാപത്തിൽക്കൊണ്ടു വീഴ്ത്തി!
ലോകം പുലൎത്തും ഗൃഹസ്ഥൻ ഗൃഹം വിട്ടു
പോകയെക്കാളെന്തു ബദ്ധമയ്യോ!!

Digitized By Kerala Sahitya Akade

ഇത്തിരിയുള്ളലിവുണ്ടെങ്കിലെ,ന്നില്ല-
ത്തെത്തിക്കുകെന്നെ, നീ ദിവ്യയല്ലീ!!”
പാരമേലാണു താനമ്പെയ്യുമെന്നു ക-
ണ്ടേറിവരുന്ന വിഷാദത്താലും,
മന്മഥവേദനയാലും വലഞ്ഞവൾ
നന്മധുരോക്തിയൊന്നോതി വീണ്ടും:-
“ഇല്ലത്തു പോകേണമെങ്കിൽ ഞാൻ കൊണ്ടാക്കാം;
മെല്ലിട വിശ്രമിച്ചിസ്ഥലത്തിൽ,
രോചനീയാതിഥിയായ ഭവാനെന്റെ
യൌവനാതിഥ്യത്തെക്കൈക്കൊണ്ടാലും!
കല്ലുള്ള കാട്ടിൽ നടന്നു കുഴച്ച നിൻ-
പല്ലവപേലവത്തൃപ്പദങ്ങൾ
മെല്ലെ മടിത്തട്ടിൽ വെച്ചു തലോടുവാൻ
വല്ലഭ, വെമ്പുന്നിതെൻകൈ രണ്ടും.
ചൊന്നതാൻ പൂങ്കുലയേല്ക്കാത്ത തൂക്കൈകളാ-
ലൊന്നെൻഗളത്തെയനുഗ്രഹിക്ക!”
എന്നവളൂന്നൽക്കട്ടയെ രണ്ടാം പോ-
ലന്നാശ്ലേഷിച്ചേക്കുവാൻ കൈകൾ നീട്ടി.
“ഭ്രഷ്ടേ, തൊടാകൊല്ലെന്നെ;-യന്യസ്ത്രീസ്പർശന-
മിഷ്ടപ്പെടുന്നവരല്ല ഞങ്ങൾ.”
എന്നുരചെയ്തുകൊണ്ടഞ്ജസാ പിൻവാങ്ങി
നിന്നു നിവൃത്തിമാർഗ്ഗേഷി വിപ്രൻ.
അണ്ടർനാരിക്കു ചെഞ്ചുണ്ടു വരണ്ടുപോയ്;
വെണ്ടപ്പം പോലെ വിളർത്തു വക്ത്രം;
നീലാളകാഞ്ചിതനെറ്റിമേൽ മുത്തണി
പോലെ പൊടിഞ്ഞു വിയർപ്പുതുള്ളി;

Digitized By Kerala Sahitya Akade

പാരാകെക്കീഴാക്കാൻ പോരുമദൃഷ്ടിയും
പാരാതേ ബാഷ്പത്താൽ പങ്കിലമായ്.
പുള്ളികൾ മിന്നിയ പൂമ്പട്ടുറൌക്കത-
ന്നുള്ളിൽ ഞെരുങ്ങുന്ന പോർകൊങ്കകൾ
തള്ളിപ്പുറപ്പെട്ടും ദീർഘനിശ്വാസത്താൽ
തുള്ളിത്തുളുമ്പി നിലക്കൊള്ളാതെ.
'നിങ്ങൾതന്നൌന്നത്യംകൊണ്ടെന്തു കാര്യം?'എ-
ന്നങ്ങതുകളെക്കീഴ്പ്പോട്ടാക്കാനോ,
അപ്പൊങ്കുടങ്ങൾക്കു മീതേ കൈ വെച്ചവ-
ളിപ്പടി ജല്പിച്ചാൾ ഗൽഗദത്തിൽ:—
"മൽപ്രാണനാഥ, തൻദാസിയോടീവിധം
കല്പിക്കൊല്ലാ,യിത്ര കർക്കശനോ?
അങ്ങുപേക്ഷിച്ചാൽ വ്യഥിനി ജീവിക്കി-
ല്ല;-ങ്ങുന്നാ പെൺകൊലപ്പാപിയുമാം!
എട്ടു ഗുണങ്ങളിൽ മുഖ്യം ദയയല്ലോ;
ശിഷ്ടനാമങ്ങേക്കതൊട്ടുമില്ലേ?
ബ്രഹ്മതേജാമയം തൂകും വാർതിങ്കളാം
നിന്മുഖമൊന്നു മുകർന്നാവൂ ഞാൻ!
സ്വല്പം പ്രസാദിക്കുകാർത്തസംരക്ഷണം
സൽപുമാന്മാർക്കുപേക്ഷിക്കയാവതോ?
ആഹന്ത! പെണ്ണുങ്ങൾക്കാണു പോൽ കാഠിന്യ;-
മാണുങ്ങളെത്ര ദയാശീലന്മാർ!!"

*  *  *  *  *

മാനസം നീറുമാ മാനിനീമൌലിതൻ
ദീനവിലാപങ്ങൾക്കെന്തൊരറ്റം?

Digitized By Kerala Sahitya Akade

എന്നാലിതൊന്നുമാ വിപ്രന്റെ കർണ്ണത്തെ
ല്ലെന്നാക്രമിച്ചീല ചെറ്റു പോലും;
അദ്ദേഹം പാവകദേവനെയേകാഗ്ര-
ചിത്തനായ് ധ്യാനിക്കയായിരുന്നു.
മുഗ്ദ്ധേ, വരൂഥിനി, പോരും വിലാപമി-
ത്, സ്ഥാനത്തായിപ്പോയ് നിന്റെ രാഗം;
ഒത്ത വിരിപ്പാനല്ലീ, ശതപുഷ്പങ്ങളാ-
ണിത്തരം പുഷ്പങ്ങളുത്തമങ്ങൾ
തീർത്ഥജലത്താൽ കുറിക്കൂട്ടു ചാലിപ്പാ-
നോർത്തു തെല്ലവിവേകം തന്നെ!
നീ വിചാരിച്ചല്ലോ, സമ്പൂജ്യമാം പൊമ്പിൻ-
കാവിനെക്കേളീനികുഞ്ജമാക്കാൻ!
സാളഗ്രാമത്തെത്താൻ കൈകൊണ്ടു കന്ദുക-
കേളിക്കൊരുമ്പെട്ട ബാലികേ, നീ!!
നേരായ് ഭവതിക്കു സൗന്ദര്യസാരസ്യം
പോരാഞ്ഞിട്ടല്ലിന്നൊഴിഞ്ഞു വിപ്രൻ;
ഭാരതഭൂമിയാം ഭവ്യമാതാവിനു
ചാരിത്രമെന്തിലും മീതെയത്രേ.
അത്ര പരസ്ത്രീപരാങ്മുഖരായ തൻ-
പുത്രരാം പൂരുഷാഗ്ര്യർക്കു മുറ്റും
നീയല്ല, നിന്നെക്കാൾ സുന്ദരിയായോളും
ചായം തേച്ചോരു മരപ്പാവ താൻ!
ധ്യാനം ചെയ്തഗ്നിയെത്തങ്കൽച്ചേർത്തുദ്ദീപ്യ-
മാനതേജസ്സായാ ബ്രാഹ്മണേന്ദ്രൻ
മിന്നൽ പോലാശു ഗമിച്ചു മറഞ്ഞാനാ-
ങ്ങനാരി കണ്ണീരോടും നോക്കി നില്ക്കേ.



Digitized By Kerala Sahitya Akade

# X
## ഒരു കീറത്തലയണ.

പെരുതഴലു,പധാനമേ, നിനക്കീ-
യ്യുദരാവസ്ഥ പിണഞ്ഞുകാൺകയാൽ മേ;
'ഒരു തല വഴിപോലെ താങ്ങുവാൻ' നീ
വിരുതിയലുന്നവനായിരുന്നുവല്ലോ.

'ചളി തടവി വിവർണ്ണമിന്നു, വില്ലീ-
സ്സൊളിനിര വീശിയിരുന്ന നിൻശരീരം!
ചെളിവിലക്ഷമുതിർന്ന കാലജാല-
ക്കളിയുടെ ചാതുരി നമ്മളെന്തു കണ്ടു?

തൊട്ടുവതിനൊരുകൈ തുടച്ചുവേണം
തുട്ടുടെ മിന്നിയിരുന്ന നിന്നെ മുന്നം;
കെടുതി കലരുമപ്പൊഴോ, തദംഗ-
ത്തൊട്ടു പെരുമാറുകിൽ വേണ്ടതാണതെന്നായ്!

ലളിതമുഴമുഴപ്പു,മൊപ്പു, വർണ്ണ-
ത്തെളിവിവ തിങ്ങിയിരുന്ന താവകാംഗം
ചുളി! പെരുകി,യതാതിടത്തു കീറി-
പ്പൊളിയുകകാരണമെത്ര ശോച്യമായി!!

പുരുമലിനിമ പൂണ്ട നിൻ പിളപ്പിൽ-
ത്തുരുതുരെയുന്തിയ പഞ്ഞിയുണ്ടു കാണ്മൂ:
ഒരു വികൃതവധൂടിതൻ കചത്തിൽ-
ത്തിരുകിയ കന്ദസുമോൽക്കരം കണക്കെ!

Digitized By Kerala Sahitya Akade

വില പെരുമുപധാനമേ, പുരാ നിൻ
നില ദൃഢമെത്ര മികച്ചതായിരുന്നു!
ലലനകൾമണിയാമൊരോമലാൾതൻ
മലരൊളിമെത്തയിലല്ലി നീ വസിച്ചു?

ചിരമവളുടെ വെൺകിടക്കയിന്മേൽ-
പ്പരമദുകൂലമണിഞ്ഞു നീ വിളങ്ങി;
ശരദമലസരിത്തുതന്നിൽ നൈശാ-
കരരുചി പൂണ്ട മണൽപ്പുറം കണക്കേ.

നിയതമൊരു നിരപ്പുകേട്ട നിന്മെയ്-
ക്കിയലുകിലാ,യവൾ നിങ്കൽ മെല്ലെ മെല്ലേ,
സ്വയമിരവിലുറങ്ങുവാൻ കിടക്കും
പ്രിയശിശുവിൻ തുടയിങ്കലമ്മ പോലേ,

സുലളിതമൃദുവായ കൈത്തലത്താൽ
പലവുരു തല്ലിടുമപ്പൊഴൊക്കെയും നീ,
മലർനിര വിതറുമ്പൊഴാസ്വദിച്ചോ-
രലഘുസുഖം ലഘുവായ്ഗ്ഗണിച്ചിരിക്കും! (യുഗ്മകം)

ധവനധരരസം കൊതിക്കെ, ലജ്ജാ-
വിവശിതയായ നവോഢതൻ മുഖാബ്ജം,
അവനധികമസൂയ ചേർത്തനേകം
തവണ ഭവാങ്കലഹോ! പതിഞ്ഞതില്ലേ!

നിജമൃദുലശിരസ്സു നിങ്കൽ വെച്ചാ,
വിജനവിലാസഗൃഹക്കിടക്കയിന്മേൽ,
രജനികളിൽ മുറയ്ക്കു, തമ്മിലോരോ
ഭുജലതയാൽത്തഴുകിസ്സുഖം ശയിക്കേ;

Digitized By Kerala Sahitya Akade

പരമസുഭഗരാം നവസൂനജാല-
വരരവർതൻ വദനത്തിൽനിന്നു മന്ദം,
കരളിൽ വിരിയുമനുത്തമാനുരാഗോ-
ജ്ജ്വലമലർക്കലതൻ മധൂളി പോലെ,

പല പരിചിലുതിർന്ന നന്മലാപം;
തലയണകൾക്കനിരന്തമായ നീ താൻ
സുലഭഭാഷി നകന്ന ശേഷമേ, തൽ-
സ്ഥലപവമാനനുമാർത്തുള്ളവല്ലോ! (വിഗേ

ഉലകിടമെരിയും നിദാഘതാവിൽ-
പ്പല കുറി, പട്ടുകിടക്ക തൊട്ടിടാതെ
അലസമവർ നിലത്തു താൻ കിടക്കും
നിലയിലുമങ്ങയെ വേർപിരിഞ്ഞതില്ല!

ഹരിണമിഴി ദിനാന്തമജ്ജനാർദ്ര-
പ്പുരികുഴൽ നിന്നിലഴിച്ചു ചിന്നിടുമ്പോഴും
കരിമുകിൽ ചിതറും ശരന്നഭസ്സിൻ
പരിചു വഹിച്ചു സിതാംശുകാസ്തൃതൻ നീ.

തരുണികൾമണിയെൻറ താരണിഞ്ഞു-
ള്ളിളമലരുതിർമഞ്ജുളകുന്തളത്തൊടേവം
പെരുത്തു ദിനമിന്നണഞ്ഞി വാഴ്കയാൽ ന-
ല്ലൊരു മണമിന്നുമിരിപ്പതുണ്ടു നിങ്കൽ.

അതിസുഖമയമാം മനോജ്ഞമാർഗ്ഗം
ഗതിയറിയാതെ ഭവാൻ കടന്നുപോന്നു;
അതിനെയിഹ വൃഥാ തിരിഞ്ഞു നോക്കി-
ക്കൊതിയൊടു നീ നെടുവീർപ്പിടുന്നതുണ്ടാം!

Digitized By Kerala Sahitya Akade

ഹത! ഹത! തവ മുൻവശത്തിദാനീം
വിതതമരുക്ഷിതിയൊന്നു കാണുകയാൽ നീ
ഗതസരണിയിലെസ്സുഖങ്ങളെയെല്ലാം
ശതഗുണമായ് വില കൂട്ടിയോർപ്പതുണ്ടാം!
തവ പുനരഥവാ പ്രപഞ്ചപാന്ഥ-
ർക്കുവസതിയിൽപ്പെട്ടമല്ലലേറുകട്ടേ;
ദിവസമനു പരോപകാരധർമ്മ-
പ്രവണതയാൽപ്പരിപൂതജീവിതൻ നീ!
പകലിരവു പരർക്കു സൗഖ്യമേകി,
സ്വകതനു ജീർണ്ണവിവർണ്ണമാകിലെന്തോ?
മികവെഴുമൊരു കർമ്മയോഗിതൻമ-
ട്ടകമവികാരമഖണ്ഡനിർമ്മലം തേ.
അരചനുടെയുടലുമിങ്ങു വസുധാ-
ന്തരമിതു താനൊട്ടൊന്നു കണ്ടു താൻ താൻ
ചിരമഹഹ! ചിരിപ്പൂയോ, ശുഭാന്ത-
കരണ, വെളിപ്പൂ തുറിച്ച പങ്ക്തിയാൽ നീ!
പരാർത്ഥത്തിന്നല്ലോ തവ പിറവി; സാ-
ധിച്ചിതതു നീ!
ചിരാസംഗാൽ വന്നീലിതിൽ മതി നിന-
ക്കെങ്കിലുടനേ
ജരാക്രാന്തം തൻപാർപ്പിടമിതു വെടി-
ഞ്ഞിട്ടു തവ സു-
സ്ഥിരാത്മാവെത്തട്ടേ പുതിയൊരു പുര-
ത്തിൽപ്പരസുഖം!

Digitized By Kerala Sahitya Akade

# XI

## ഭാരതപ്പുഴ.

ഉലകിൽപ്പുകളാർന്ന സഹ്യശൈല-
ത്തലവന്നുള്ളൊരു തുംഗശൃംഗമായി
വിലസീടുമൊരാനയെന്നു പേരും
മലതൻ നിർമ്മലദാനധാരയായും;

സ്വപരാത്മജകേരളോർവ്വിയെ ശ്രീ-
ധവമൂർത്ത്യന്തരമാം മുനിക്കു നൽകി
ധ്രുവമാക്കലശാബ്ധിമേന്മ തേടും
ലവണാബ്ധിക്കുവരോധനാഥയായും;

അമലം, മധുരം, മനോഭിരാമം,
ജനസന്താപഹരം പയസ്സജസ്രം
അനപേക്ഷിതമോഘയത്നമായ് ത്താൻ
ജനതയ്ക്കുമപൂർവ്വധേനുവായും;

ലളിത പ്രകൃതിപ്രഭാവമാകും
നളിനപ്പൂവിലെ നന്മധൂളിയായും;
വെളിവായ് വിശുദ്ധിലക്ഷ്മി നിത്യം
കളിയാടും കളധൗതശാലയായും

ശതനാഴികനീണ്ടു,തീരിട ത്ത-
ഞ്ചിതമാകും വളവൊത്തു,യൽസ്ഥലത്തിൽ
കൃതസസ്യസമൃദ്ധിയായ്,പ്പടിഞ്ഞാ-
ട്ടിതു പോകുന്നു കിഴക്കുനിന്നു "പേരാർ" (കളകം)

Digitized By Kerala Sahitya Akade

തടസീമനി നിന്നിടുന്നു പച്ച-
ക്കുടകൾക്കൊത്ത കരിമ്പനദ്രുമങ്ങൾ;
സ്ഫുടകാശഗണങ്ങൾ വീശിടുന്നു-
ണ്ടിടയിൽപ്പൃഥുലയായ ചാമരത്താൽ.

വിലസദ്വിടപസ്ഥ പക്ഷികോലാ-
ഹലമാകും ജയശബ്ദഘോഷമോടേ
ഇലയാമിളകുന്ന കയ്യിനാൽ,ത്തൂ-
മലർ തൂകുന്നു കരമെല്ലൂഴം ദ്രുമങ്ങൾ.

പല വൃക്ഷലതാദികൊണ്ടു വേണ്ടാ-
നിലയിൽപ്പച്ചയുടുപ്പണിഞ്ഞ പോലായ്
തല വാനിലുയർത്തുമാറു പൊക്കി-
ച്ചലനം വിട്ടമരുന്ന പർവ്വതങ്ങൾ

പതിയായ പയോധിയോടു ചേരു-
ന്നതിനീസ്സഹ്യഗിരീന്ദ്രവംശനല്ലാർ
മതിമോഹനമോടിയിൽഗ്ഗമിക്കും
ഗതി വീക്ഷിച്ചു രസിപ്പിതെന്നു തോന്നും. (യുഗ്മകം)

ഇളനീരിലെ വെള്ളമൊത്ത തണ്ണീ-
രിളകിക്കൊണ്ടൊഴുകും മൃദുസ്വനത്താൽ
നിള, നല്ലൊരു പാട്ടുകാരി പോലേ,
കളസംഗീതസുഖം ചെവിക്കൂണപ്പൂ.

ചില ദിക്കിലിതിൽക്കിടക്കുമോരോ
ശിലമേൽത്തല്ലി മറിഞ്ഞു പോകയാലേ
ജലമാലയിൽനിന്നണിപ്പളുങ്കിൻ
കലമുടിഞ്ഞു തെറിച്ചിടുന്നു ഭംഗ്യാ.

Digitized By Kerala Sahitya Akade

പരിചെഴിയ കേരപാരിജാതം,
മരിചൈലാദികകല്പവല്ലിജാലം,
അരിദയോരഴകിങ്കലപ്സരസ്ത്രീ-
പ്പരിഷയ്ക്കൊത്ത പതിവ്രതാജനങ്ങളും,

കുലശുദ്ധി തികഞ്ഞുമുഗ്രതേജോ-
ബലമെഴും ദ്വിജർ ദേവസന്നിഭന്മാർ-
പലതിവകയാർന്നു വിണ്ണിനൊക്കെ
മലയാളത്തിനിതഭ്രഗംഗയത്രേ! (ധ്രുവകം)

ഏവർതൻ ഗതജീവമായ ഗാത്രം
ശിവഗംഗാസഖി! നിങ്കലെത്തി വീഴും;
അവരൊക്കെയമർത്ത്യരൂപരായി-
ദ്ദിവമേറും ധ്രുവമംബ, നിൻപ്രസാദാൽ.

സതി, നിന്നല തൊട്ട തെന്നലേറ്റാൽ
മതി, നൽസ്വർഗ്ഗസുഖം നരർക്കു കിട്ടാൻ,
അതിപാവനി, നിൻജലത്തിൽ മുങ്ങു-
ന്നതിനാലുള്ളൊരവസ്ഥയെന്തു പിന്നെ?

ഒടുവാം തിഥിയിൽജ്ജനങ്ങൾ നിന്മേ-
ലിട്ടുമോരോ ബലിപുഷ്പവും ഗുണാഢ്യേ,
നെടുതാം പിതൃമണ്ഡലത്തെ വിണ്ണേ-
റിടുമോരോ പടവായ്ത്തന്നെപോലും.

കലപാവനതീർത്ഥമേ, ത്വദീയാ-
മലതീരത്തരയാൽത്തറമേതന്മേൽ
അലമുഗ്രതപസ്സു ചെയ്വതാണോ
തല കീഴായ് നിലകൊള്ളുമാവൽവൃന്ദം!

Digitized By Kerala Sahitya Akade

പരമേഷ്ഠിമുഖേഡ്യനാമെവൻതൻ
ചരണക്ഷാളനവാരി ഗംഗയായി;
പരപൂരുഷനാം മുകുന്ദനും നിൻ-
വിരഹത്തെസ്സഹിയാഞ്ഞു നിന്നടങ്ങൽ,

തിരുവില്വമഹാദ്രി, നവ്യ മന്ദ്രാം
പുരുപുണ്യായതനങ്ങൾ പുക്കിരിപ്പൂ:
ഉരു, ശംബരവട്ടനാഥനാന-
ല്ലോരു നിർഭദ്രവതയാസ്ഥിതിപ്പൂ നിന്നിൽ. (കുളകം).

ഉയരത്തിരതള്ളിയാർത്തിരമ്പി-
ബ്ഭയദോഗ്രത പൂണ്ടലംഘ്യയായി,
സ്വയമന്നവപത്തി! വർഷനാളിൽ
പ്രിയഭർത്താവൊടണഞ്ഞിരിക്കിലാം നീ!

മലവെള്ളമടിച്ചു കേറി മേന്മേ-
ലലയും വെൺനുരയും ചുഴിപ്പുമായി,
നില വിട്ടൊഴുകിത്തടം തകർത്താ-
ർത്തലറും നിൻവടിവോർക്കക്കൂടി വയ്യാ!

നരർ കൂസണമെങ്കിൽ വേണമൊട്ടി-
ഞ്ഞരമാം രൗദ്രനടിപ്പുമെന്നിതാർത്തോ,
ശരദി സ്ഫുടമാം മണൽപ്പുറത്താൽ
വരചല്ലോലിനി! നീ സ്വയം ചിരിപ്പൂ!

അതുലദ്യുതി നിൻമണൽപ്പുറം ഹാ,
ചതുരം ശാരദവാനിനോടെതിർപ്പാൻ;
ഇതു കൺകളിലെത്ര നൽകിടുന്നു
പുളകപ്പൂരസമുച്ചയം കണക്കേ!



Digitized By Kerala Sahitya Akade

കുളിർവെൺമതി, പുണ്യപൂതമാം നിൻ-
പുളിനത്തിൽപ്പുതുമ സൗഭഗോദയാർത്ഥം,
ലളിതാമനിലാവുകൊണ്ടു നൂനം
വെളിവിൽപ്പാലഭിഷേകമാചരിപ്പൂ!

ചെടി, പുല്ലിവ ചേർന്ന നൽത്തുരുത്തും,
സ്ഫടികശ്രീസലിലം നിറഞ്ഞ ചാലും—;
തടിനി! ത്വദുപാന്തഗോവിനങ്ങളോ
തടിവാട്ടം? ശരി വേനലും ശരത്താം!

നിരവദ്യകുളിർനീർ പെറും നദേ, നിൻ
കരയിൽപ്പാർത്തു വരുന്നവർക്കു മുറ്റും,
വരളിച്ച വളർത്ത വേനൽനാളിൻ
വരവെന്തോ വലുതായൊരുത്സവം താൻ.

എരിവേനലിലന്തിവേളയിങ്കൽ-
പ്പരിണാമശ്ലഥപാടലാതപത്താൽ
ശരിയായ്ക്കസവിട്ടപോലെയാമി-
ത്തരിവെൺപൂമണലായ മെത്തയിന്മേൽ,

പല ചായമിണങ്ങിടും വിഹായ-
സ്ഥലമാം ചിത്രപടം വിചിത്രശോഭം
നലമോടു തെളിഞ്ഞുനിന്നിടും നിൻ
ജലമാം ചില്ലിനകത്തമർന്നമട്ടും,

ഉലകിന്റെ മനോജ്ഞശാന്തമാമ-
ന്നിലയും കണ്ടു രസിച്ചുകൊണ്ടിരിക്കെ,
മലർമഞ്ജുളനീർക്കണങ്ങൾ ചിന്നി-
ച്ചുഴലത്തോടും തവ കേളിയാടിയാടി,

Digitized By Kerala Sahitya Akademi

പടവാടികളിൽത്തഴച്ച തെങ്ങിൻ
മടലിന്മേൽ മൃദുമർമ്മരപ്രണാദം
തടവിച്ചുണരുന്ന തൈമണിക്കാ-
റ്റുടൽ പുൽകുന്നൊരു സൗഭാഗ്യമെന്തു സൗഖ്യം!

കരുണാനിധി കംസവൈരി ദേവൻ
തിരുനാവായിൽ നികന്ന നിൻതടാന്തം
ഒരു കാലമുദാരകേരളീയ-
ർക്കു രമ്യരംഗമായിരുന്നുവല്ലോ.

പരമാണ്ടുകൾ പന്തിരണ്ടു കൊണ്ട-
ന്നാചന്മാർ പലരന്നു ശക്തരാർത്തും;
ചിരകാലമതിൻറ ധാരയേറ്റാ-
ണരകല്ലായ്ത്തു നിൻ കരപ്പുറം പോൽ.

നെടുവാൾപ്പരിചപ്പയറ്റിൽ മുന്നാം
പടനായർപ്പടയാളവീരരന്നാൾ
തൊടുവിച്ചു, രണക്ഷതാംഗരക്ത-
ത്തുടുകാശ്മീരവിശേഷകങ്ങൾ നിങ്കൽ.

ഉര ചെററ, 'മഹാമഘോത്സവ' നിൻ-
കരയാകും മണിമണ്ഡപാന്തരത്തിൽ
തരളായുധപാതതാളമോടേ
സരസം നർത്തനമാടി വീരലക്ഷ്മി.

ആ രംഗം സ്വമാച്ഛാദിതമഹഹ! ചിരാൽ;
        കാലമാം ജാലവിദ്യ-
ക്കാരൻതൻ പിഞ്ഛികോച്ചാലനമുലകിൽ വരു-
        ത്തില്ല എന്തെന്തുമാററം!

Digitized By Kerala Sahitya Akade

നേരാംപോമക്കത്ര കണ്ടു വേദിയിഥ പദാം-
ഭോജം! എന്തൊരു മേലിൽ
സൌപാരം കാണും! പുരാണപ്രഥിതനദി, നിളാ-
ദേവി, നിത്യം നമസ്തേ.

# XII

## ഒരു വീരപത്നി.

(കൃഷ്ണഗാഥാരീതി)

സച്ചിത്രവസ്ത്രങ്ങൾ കൊണ്ടഴകാർന്നു പൂ-
മച്ചിന്നകത്തൊരു മഞ്ചം ചാരി,
എന്തോ വിചാരത്താൽ സുസ്ഥയായ് മേവുന്നു
ചെന്താണ്ടിവാസ്ഥലരാളൊരുത്തി;
ശീമയിൽപ്പോർ കേട്ട ശില്പികൾ തീർത്തൊരു
കോമളത്തങ്കപ്പൊൻപാവ പോലേ.
കാർകുലം പോലെ കറുത്തു മിനുത്തുള്ള
വാർകുഴൽ പിന്നിലഴിഞ്ഞുതിർന്നും;
നീലാളകാവൃതമാകിയ നിർമ്മല-
ഫാലദേശത്തൊരു മങ്ങൽ പാഞ്ഞും;
നീണ്ടിടം പെട്ടതിഭംഗിയും ദീപ്തിയും
പൂണ്ട നേത്രങ്ങൾ കുറച്ചടഞ്ഞും;
കണ്ണാടി ചെമ്പട്ടിൽ വെച്ച പോലോമന-

Digitized By Kerala Sahitya Akade

ജുണ്ഡം കരങ്ങളിർതന്നിൽച്ചാഞ്ഞും;
നീളമുള്ളുന്നതമാറാപ്പിപ്പൂഞ്ചോല
തോളത്തു പിന്നിട്ടു മെയ്യിൽ വീണും;
തന്നന്തികത്തിലായ്, ശുക്ലപക്ഷത്തിലെ-
ച്ചിന്നപ്പൂന്തിങ്കൾ പോലുള്ളൊരുണ്ണി,
ഓടുക പാടുക മുമ്പാകുമോരോരോ
കാട്ടു കാട്ടങ്ങളും കണ്ടിടാതെ,
ശുദ്ധാനിലത്തിരുന്നീടുകയാണിവ-
ളി, ത്തരുണിക്കിത്ര ചിന്തയെന്തോ?
അമ്മതൻ ദുഃഖത്തിൽപ്പങ്കുകൊണ്ടീടുന്നി-
ലമ്മകൻ ക്രീഡാരസൈകതാനൻ:
ചിന്താപരിക്ലേശമെന്തുള്ളൂ ബാലക്ക്?
ഹന്ത, നൽസ്വർഗ്ഗം താൻ ബാല്യകാലം!

പൈതലവനിനി യൌവനമാകുമ്പോ-
ളേതൊരു രൂപത്തെപ്പൂണ്ടീടുമോ;
ആ രൂപമൊത്തൊരു പൂരുഷനപ്പൊഴാ-
ച്ചാരുവാം മച്ചിൽ കടന്നു വന്നാൻ.
അക്ഷണം തൻകളിപ്പാട്ടങ്ങളിട്ടെറി-
ഞ്ഞക്ഷമനാകിയ കൊച്ചുബാലൻ,
'അച്ഛാച്ഛാ' എന്നേവമസ്പഷ്ടവർണ്ണമായ്
സ്വച്ഛാമൃതോപമം കൊഞ്ചിക്കൊണ്ടേ
പാഞ്ഞു ചെന്നാ, വന്ന ധന്യനാം ജനക-
ളാഞ്ഞുപുണർന്നാനിളംകൈകളാൽ.
ആയാളോ, കുഞ്ഞിനെയാശു കനിഞ്ഞെടു-
ത്തായമേറിയ തന്മാറത്തട്ടിൽ,

Digitized By Kerala Sahitya Akade

മൂല്യം മതിക്കാവല്ലാത്തൊരു മാണിക്യ-
മാല്യത്തെപ്പോലവേ ചേർത്തു ചാർത്തി,
ത്തയിളംചെഞ്ചൊരിവായ്മലർതന്നിലൊ-
രായിരം പ്രാവശ്യമുമ്മവെച്ചാൻ.
കട്ടിതൻ കൊഞ്ചലാൽ, ഞെട്ടിയുണർന്നതി-
മട്ടിലെഴുന്നൊരു മംഗളാംഗി,
കട്ടിപ്പൊങ്കാപ്പിട്ട കൈകളാൽ കാർകുഴൽ
കെട്ടിയൊരുമട്ടൊതുക്കി വെക്കം,
സന്തതപ്രേമാർദ്രപ്പുഞ്ചിരികൊണ്ടു ത-
ന്നന്തർഗ്ഗൃഹാതിഥിക്കാതിഥ്യമേകി.
യുദ്ധയാത്രോചിതമാകിയ വേഷത്തിൽ-
ഭർത്താവെക്കണ്ടൊരു മാത്രയിൽ താൻ
അത്തൽ വിട്ടാശ്വാസമുൾച്ചേർന്ന മാതിരി-
ക്കാത്തന്വംഗിയാൾക്കാകെ തെളിഞ്ഞു വക്ത്രം.
നന്ദനത്തങ്കത്തെ ലാളിച്ചുകൊണ്ടു ത-
ന്മന്ദിരലക്ഷ്മി തൻ ചാരത്തെത്തി,
സുന്ദരനാ യുവാവായവൾതൻ തോളിൽ
മന്ദമായ്ക്കൈക്ക വെച്ചുനിന്നു ചൊന്നാൻ:-
"എന്തിരിപ്പാണിഹ ഞാൻ കണ്ടതോമനേ,
എന്തിത്ര ഭീരുവായ്ത്തീരുവാൻ നീ?
ഞങ്ങൾ വീട്ടിലടച്ചിരിക്കുന്നതി-
ന്നാണോ, കനത്ത കൈ തന്നു ദൈവം!
മാതൃഭൂമിക്കരിബാധ വരുമ്പോഴ-
മേതുമനങ്ങാതിരിക്കാമെങ്കിൽ,
അത്രയും കാലം, ഞാനെന്തിനു ചെന്നു പോ-
ന്നസ്ത്രക്കളരിയഭ്യസ്തമാക്കി?

Digitized By Kerala Sahitya Akade

യുദ്ധമെന്നുള്ളൊരു ശബ്ദമേ ഞങ്ങൾക്കു
മുഗ്ദ്ധമധുരമാം ഗാനമത്രേ;
പോരിതോ, സാമാന്യപ്പോരൊന്നുമല്ലല്ലോ;
ശൂരർക്കിതിൽപ്പരമെന്തു വേണ്ടൂ?’’
ചൊല്ലിമലവൈദഗ്ദ്ധ്യം തികച്ചമാപ്പോരാളി-
ച്ചുള്ളിലുണ്ടായിരുന്നില്ലന്നേരം:
തെല്ലൊരു തൊണ്ടയിടച്ചു,യെങ്കിലും
നില്ലാത,തിൽ വെളിപ്പെട്ടിരുന്നു;
പോരെങ്കിൽ, ‘കുട്ടാ, ഞാൻ പോയിവരട്ടെ’യെ-
ന്നാ,രോമൽപ്പുത്രനോടായൊടുവിൽ
യാത്ര ചൊന്നപ്പോഴാക്കല്യന കൈകലെസ്സാൽ
നേത്രം തുടയ്ക്കുക വേണ്ടിവന്നു!
ആഹവമുത്സവമാണവന്നാ,യതിൽ-
സ്സാഹസശീലനുമാണെന്നാലും,
എങ്ങിനെ വിട്ടവൻ പോകു,മീ പ്രാണനാ-
മംഗനയാളെയും കുഞ്ഞിനേയും?
‘ഞാനുമുണ്ടച്ഛനോടൊപ്പ’മെന്നാൻ, നവം-
തേനൂറും ഭാഷയിൽ ബാലനപ്പോൾ;
‘പോവാമെൻ പൈതലൊരല്പം കഴിഞ്ഞാലെ’-
ന്നാ, വധു കുഞ്ഞിൻ പുറം തലോടി,
പ്രേമവും പ്രൌഢിയും തേടിയ ഭാഷിത-
ത്തൂമധു തൂകിനാൾ പ്രാണേശങ്കൽ:-
“പോർകളിൽ പ്രോത്സാഹശാലിയാമെൻനാഥൻ
പോകുന്നതോർത്തല്ല മാഴ്കിനേൻ ഞാൻ;
പോകാതിരുന്നാലോ എന്നായിരുന്നു മേ
ശോകവും ഭീതിയും ശോഭനോത്തമൻ!

ആവതില്ലാത്തൊരിപ്പിഞ്ചുകിടാവു, മീ-
പ്പാവമാം സ്ത്രീയുമെൻവിപ്രയോഗം
എങ്ങിനെ ഹാ, ഹാ, പൊറുത്തീടു!’–മെന്നായി
ഞങ്ങളിലേറിയ വാത്സല്യത്താൽ
ആമൂലം കൈക്കൊണ്ടീലിപ്പോൾ ഭവാനെങ്കി-
ലായതിൻ ഹേതു ഞാനാകുമല്ലോ;
ഭർത്താവിൻ കർത്തവ്യനിഷ്ഠയ്ക്കു വിഘ്നമായ്
വർത്തിക്കും ഭാര്യ താൻ ഭാര്യയാമോ?
വേളിക്കു ശേഷമിതേവരെ നാമൊരു
നാളിലും വേർപെട്ടിട്ടില്ലെന്നാലും,
വല്ലഭ, തെല്ലു നാളേക്കീ വിയോഗം ഞാൻ
വല്ല ഭാഷയ്ക്കും സഹിച്ചുകൊള്ളാം;
എന്നാൽ, ഭവാന്റെ [illegible]പ്രശസ്തിക്കി-
ന്നൊന്നാമതായ് വല്ല വൈപരീത്യവും
വന്നുപോയെങ്കിലെനിക്കു സഹിക്കാവ-
ല്ലെന്നു, മെൻജീവിതസർവ്വസ്വമേ!
ആകയാൽ വൈരിജയത്തിനായ് നിശ്ശങ്കം
പോക; തേ മംഗളമാക മാർഗ്ഗം!’’
ധീരപ്രശാന്തമായിങ്ങിനെ തൻപ്രിയ-
ദാരങ്ങൾ ചൊല്ലുമുദാരവാക്യം
ശ്രോത്രപുടം വഴിക്കപ്പടയാളിതൻ
ഗാത്രത്തിലെങ്ങുമുൾപ്പുളകം ഗാഢം,
ചോരക്കുഴൽകൾക്ക മൂട്ട പിടിപ്പിച്ചി-
ട്ടോരോ ഞരമ്പിനും വേറെ വേറെ
നൂതനമായൊരു കെല്പേകി, ദിവ്യമാ-
മേതോ രസായനമെന്നപോലെ.

Digitized By Kerala Sahitya Akade

തൻകരൾക്കെതാനുമിണ്ടലുണ്ടായിരു-
ന്നെങ്കിലതുമുടൻ വിട്ടുമാറീ;
നേത്രതാരങ്ങളിൽ മുമ്പത്തെക്കാളേറെ
ക്ഷാത്രതേജസ്സും സമുജ്ജ്വലിച്ചു.
‘ഉത്തമസ്ത്രീമണേ, മാപ്പു തരേണമെ-
ന്നസ്ഥാനശങ്കയ്ക്കെ’ന്നാ, ലഹർഷാ
കൊണ്ടാടിപ്പത്നിയെക്കൊളളമോദ്ധന്ധാ-
കൊണ്ടാഞ്ഞുപുൽകിപ്പറഞ്ഞു കാന്തൻ:-
“ധീരഗൃഹിണിക്കു വേണ്ടതേ ചൊല്ലി നീ;
ശൂരവാന്മാരിലാരെന്നോടേല്പ്പൂ?
എന്നാലിറങ്ങിവരട്ടെ ഞാൻ, കുട്ടിയെ
നന്നായ് മന വെച്ചു നോക്കണമേ!”
വല്ലഭാശ്ലേഷസുഖാൽ കണക്കെക്ഷികൾ
തെല്ലടഞ്ഞാസ്സാദ്ധ്വി നന്ന നേന്നാൾ:-
‘ദുഷ്ടരെശ്ശിക്ഷിച്ചും, ശിഷ്ടരെ രക്ഷിച്ചും
വിഷ്ടപമൊക്കെബ്ഭരിക്കും ദൈവം
ക്ഷത്രധർമ്മസ്ഥനാമെൻപ്രാണനാഥനു
നിത്യവും പിന്തുണയായ് വരട്ടെ!
ദുഷ്കരകൃത്യങ്ങൾ സാധിച്ചു മേല്ക്കുമേൽ
ധൃഷ്ടരാമാറ്റലർ വൻപടയിൽ
ഉൽക്കടാടോപമായ്ത്തത്തിക്കളിച്ചീടട്ടെ
ത്വൽക്കരവാളിടിവാളു പോലെ!!’’
‘സ്വച്ഛന്ദം മാറ്റാർ തലയ്ക്കു ചവിട്ടാൻ പോ-
മച്ഛന്റെ തൃക്കാൽ വണങ്ങു, കുഞ്ഞേ!’
പൈതലെപ്പാർത്തിതു ചൊൽകെ, മനസ്വിനി-
യാൾതൻ മിഴികളിൽനിന്നു താനേ



Digitized By Kerala Sahitya Akade

വീണുപോയ്, ഹാ, രണ്ടു വെൺപളുങ്കുമണി
ചെണ്ടുററ ത്തോഴിൻ ചേവടിയിൽ!!

*   *   *   *   *

# XIII
## ദാദാബായിനവറോജി

മാററിത്തമെന്തൊന്നിതു? മാരിയോടു
നനഞ്ഞു തൂങ്ങും ചിറകോടുകൂടി,
പുരപ്പുറത്തേറിയിരുന്നു, കൂടെ-
ക്കൂടെ കഠോരം കരയുന്നു കാകൻ!

മുഖത്തു നീലാഭ്രനിചോളമിട്ടു,
നാഗരച്ഛാത്തിൽമറഞ്ഞു നിന്നും,
മണ്ഡൂകചണ്ഡധ്വനിയാലിതാ, ദി-
ക്കെല്ലാമുദഗ്രം മുറയിട്ടിടുന്നു!

കാറേററ നാനാവിധപാദപങ്ങ-
ളിടയ്ക്കിടയ്ക്കശ്രുകണങ്ങൾ തൂകി,
ചലൽപലാശാവലിനിസ്വനത്താ-
ലോരോന്നു തമ്മിൽ പ്രലപിപ്പതെന്തോ?

ഇന്നല്ലൊ നിൻപുത്രരിലെന്തുകൊണ്ടും
ജ്യേഷ്ഠൻ വരിഷ്ഠൻ നവറോജി—ഹാ! ഹാ!

Digitized By Kerala Sahitya Akade

അസഹ്യ,മമ്മേ, ഭരതോർവ്വി, ദേവി-
ക്കാപ്പെട്ട സീമന്തകുമാരദുഃഖം!

തൊണ്ണൂററിരണ്ടിൽപ്പുറമായ് വയസ്സ-
ന്നര്യയഴല്ലെങ്ങിനെ ശാന്തി ചേക്കു.?
അമ്മയ്ക്കു നൂനം, മകനാത്ര വൃദ്ധ-
നായ്പ്പോകിലും പിഞ്ചുകിടാവു തന്നെ!

പരാശ്രയോത്ഥാപമിയന്ന നിങ്കൽ
പലപ്പൊഴും ബാഷ്പപയസ്സൊഴുക്കി
നിർവ്വാണമൊട്ടേകിയ നിർവ്യളീക-
നേത്രങ്ങളെന്നേയ്ക്കുമടഞ്ഞിതയ്യോ!

ഇന്ത്യാവനീദേവി, ഭവച്ഛിരസ്സിൽ
സ്വാതന്ത്ര്യകോടീരമെടുത്തു ചാർത്താൻ
ആ 'വൈദികാ'ഗ്ര്യന്റെ കരങ്ങളെപ്പോ-
ലർഹങ്ങളായുള്ളവ വേറെയുണ്ടോ?

ഒന്നാമതായാരുടെ കയ്യുകൊണ്ടോ
സ്വാതന്ത്ര്യസിദ്ധിക്കുഹ വിത്തു പാവീ;
ആകർഷകൻ, സാമ്ര്യമിന്ത്യയാകും
ഗൃഹത്തിലെക്കാരണവൻ, ഗഭീരൻ,

വളർന്നു തൻപഞ്ച വിളഞ്ഞുവന്ന-
പ്പൊഴേയ്ക്കുമെങ്ങോട്ടു ഗമിച്ചിതയ്യോ!
അല്ലെങ്കിലാ,സ്സൽപുരുഷൻ തനിക്കു-
യിട്ടുള്ളതല്ലോ തൊഴിൽ ചെയ്തുപോന്നു. (ശുഭകം)

കല്യാണമാമിക്കൃഷി കൊയ്തെടുപ്പാൻ
കരങ്ങൾ നന്നായ്ക്കഴുകീട്ടു വേണം;

Digitized By Kerala Sahitya Akade

ആരാ, മഹാത്മൻ മൃതിയാലുമന്ന
കണ്ണീരുകൊണ്ടോ ശിവരാമ! വേണ്ടൂ?

എൻമാതൃഭൂവെന്നൊരു ചിന്തയല്ലാ-
തുണ്ടായിരുന്നില്ലവിടെയ്ക്കു പണ്ടേ;
സ്വരാജ്യനിശ്ശ്രേയസയത്നമാണാ-
ധീമാന്റെ വേദത്തിൽ വിധിച്ച യജ്ഞം!

സർവ്വോപരി പ്രോജ്ജ്വലരാജ്യകേതു-
വാലും, പരിത്യാഗഗുണത്തിനാലും
നിറഞ്ഞൊരന്ത്യാദ്ദശഹത്തിലല്ലോ
യമന്റെ കയ്യാലെറികൊള്ളി വീണു!

അദ്ധ്യക്ഷനില്ലാസ്സഭ പോലെ, കപ്പി-
ത്താനോടു വേർപെട്ടൊരു കപ്പൽ പോലെ,
ആസ്സൽപുമാൻ വിട്ട ജഗത്തിതു ദീ-
പ്തിഹീനമാമധ്വരശാല പോലെ!

സ്വജന്മതാരങ്ങളിലാ മുമുക്ഷു
സന്ദേശമോരോന്നരുൾചെയ്തു പോന്നു;
അതെത്രയുൽകൃഷ്ടപവിത്ര, മിന്ത്യാ-
സ്വാതന്ത്ര്യമന്ത്രപ്രണവം കണക്കെ!

ഇയ്യാണ്ടിലേതാഗ്ഗുരുവിന്റെയന്ത്യ-
സന്ദേശമാണെന്നവരോർത്തിരുന്നോ?
ഹാ, മൃത്യുവിന്നെതൊരു വാതിൽ പോലും
തോന്നുന്ന നേരം കയറിത്തുറക്കാം!

അയി, വൃഥാ ദുഃഖമിതാ!- മഹാന്റെ-
യാത്മാവു മേല്പോട്ടു ഗമിച്ചിരിക്കാം

Digitized By Kerala Sahitya Akade

## — ഞാൻ —

വാനത്തൊരോമൽപ്പുതുതാരമായി-
ച്ചമഞ്ഞിരിക്കും പുരുപുണ്യയോഗാൽ!

കല്പാന്തകാലം വരെ നില്പതാമീ-
നക്ഷത്രമേകുന്ന നറുംവെളിച്ചം
'മനുഷ്യ'രായ് നമ്മൾ നടന്നിടേണ്ടും
മാർഗ്ഗത്തിലെക്കൂരിരുൾ നീക്കിടട്ടെ!

ത്വൽപാദപീഠത്തിലനന്യഭക്ത്യാ-
വൃദ്ധർഷിയർപ്പിച്ച സുമങ്ങളത്രേ,
എന്നെന്നുമെങ്ങും പരത്തുകില്ലാ
മനം തണുപ്പിപ്പൊരു തൂമണത്തെ?

അദ്ദീർഘദർശിപ്രവരൻ ചമച്ച-
വൻചാലിലൂടേ ഗമനം തുടർന്നാൽ,
നിൻജീവിതക്കപ്പലെളുപ്പമിന്ത്യേ,
ചെന്നെത്തുമാപ്പൊൻവിളയും കരയ്ക്കൽ!

സ്വർഗ്ഗസ്ഥനാസ്സൽഗുരുവിജ്ജനത്തി-
ന്നേകേണമേ വീണ്ടുമനുഗ്രഹങ്ങൾ,
മാതാവുതൻതൃച്ചരണം തലോടി
മാഹാത്മ്യമാർജ്ജിച്ച കരങ്ങളാലേ!

Digitized By Kerala Sahitya Akade

# XIV

## ഒരു ഭാവന.

കരളാം മമ കുളിരുന്നു മെല്ലമെല്ലേ;
ഹര! ഹര! കോൾമയിർ കൊണ്ടിടുന്നു ഗാത്രം;
സുരഭിലമൊരു തെന്നൽ വന്നു മൈത്രീ-
രസമൊടു തൊട്ടുതലോടിടുന്നു മന്ദം.

പരിമളവിഭവത്തൊടെങ്ങുനിന്നാ-
ണരിയ മരുത്തിതണഞ്ഞിടുന്നിതാഹോ?
ശരി, ചെറുതകലത്തിതാ, മലർപ്പൂ-
ഞ്ചിരിയുടയൊരു കദംബവാടി കാണ്മൂ.

ജലരുചി കലർന്ന കാവിതിൽ, ച്ചെ-
റുലയുമഖണ്ഡശിഖണ്ഡമണ്ഡലത്താൽ
വലരിപുധനുരാഭ വീശി നൃത്ത-
ക്കളി മുതിർക്കയാണു കേകിവൃന്ദം.

ഒളി ചിതറിയ പക്ഷയുഗ്മമോടൊ-
ത്തളികലനീലതമാലവല്ലിതോറും,
ലളിതരുതമുതിർത്തുകൊണ്ടനേകം
കിളികൾ പറന്നുകളിച്ചിടുന്നു രമ്യം.

വനനടുവിലിതാ, വിഭൂതി വാച്ചും
കനകമഹാമണിമണ്ഡപാന്തരത്തിൽ,
ഘനതരമൊരു ദിവ്യമായ തേജ-
സ്സനഘമനോരമമായ് വിളങ്ങിടുന്നു.

Digitized By Kerala Sahitya Akade

സുലളിതതരമാമിതെന്തു, പെട്ട-
ന്നുലകമുണർത്തുമുഷസ്സുതന്നെയിപ്പോ?
ഇലകൾ മറയുമാറിളംകുളിർപ്പൂം-
മലർ നിറയും പനിനീർച്ചെടിപ്പടർപ്പോ?

പ്രകൃതിയുടെ നിരർഗ്ഗളസൗകുമാര്യ-
പ്രകൃതിയശേഷമൊരേടമൊത്തുകൂടി,
സുകൃതികളുടെയർത്ഥനാബലത്താ-
ലകൃതകമംഗിയൊരംഗമാർന്നതാമോ?

ചില ഞൊടിയിട നിർന്നിമേഷമായ് നി-
ശ്ചലതയിൽ നില്ക്കുക 'തെണ്ടി'യായ കണ്ണേ!
അലമിതു ലഘുവായ കാഴ്ചയൊന്ന-
ല്ല, ലകിലിതിൽപ്പരമെന്തു ദർശനീയം?

തനതണിയുടൽകൊണ്ടു ഭദ്രസിംഹാ-
സനമതിശോഭനമാക്കി, നാലുപാടും
അനവധിജനമൊത്തു വാഴ്ത്തിയോ-
മനമടവാർ ഭുവനൈകരാജ്ഞിയാവാം!

അലഘുസുഭഗപാദപീഠമേ, നി-
സ്തുലരുചി നിന്നിലെ രത്നരാജിയെക്കാൾ
വില പെരുകിയ വസ്തുവാണു, നിന്മേൽ
വിലസിടുമിപ്പരിപൂതപാദയുഗ്മം!

യുവതികളിരുപേർകൾ വീശിടുന്നു-
ണ്ടിവളെ വികസ്വരമായ ചാമരത്താൽ;
അവരിലൊരുവൾ പൂനിലാവു താൻ! മ-
റ്റവളൊരു കാഞ്ചനവല്ലിയെന്നു തോന്നും!

Digitized By Kerala Sahitya Akade

അരുണമധുരസം നിറച്ച തങ്ക-
ത്തിരുചഷകത്തെ വലത്തുകയ്യിലേന്തി,
അരുവയർമണിതൻ വലത്തുഭാഗ-
ത്തൊരു തരുണൻ മരുവുന്നു പുണ്യശാലി.

അവനഴകിലിടത്തു കയ്യിനാലീ-
ശ്ശിവമയിതൻ മൃദുപൂവൽമേനി ചുറ്റി
ഇവളുടെ മുഖമേ നുകർന്നിടുന്നു
നവനിബിഡപ്രണയാർദ്രലോചനത്താൽ.

അനഘമധുമദാൽ തുടുത്ത തൃക്ക-
ണ്മുനയെ മുദാ രമണന്റെ നേർക്കു നീട്ടി,
മനതളിർ കവരും മൃദുസ്മിതത്താൽ
തനതധരപ്പവിഴത്തിൽ മുത്തിണക്കി,

ഒരു കനകവിപഞ്ചിയെ, പ്രിയപ്പെ-
ട്ടൊരു നിജപുത്രിയെയെന്നപോലെ മന്ദം
തിരുമടിയിലെടുത്തു വെച്ചിടുന്നു
തരുണികൾമാലികയായ തമ്പുരാട്ടി.

കിളിമൊഴിയുടെ കൊച്ചുകൈവിരൽച്ചെ-
ന്തളിരുകൾതൻ മഹനീയമാർദ്ദവത്തെ
തെളിവൊടനുഭവിച്ചു വീണയെന്തോ
കുളിർമ തരും ചില പാട്ടു പാടിടുന്നു.

പ്രണിഹിതസുഖമെൻ ചെകിട്ടിലെത്തും
ക്വണിതമിതെന്തമൃതിൻ തനിച്ച സത്തോ?
ഗുണികൾ യതിവരർക്കുമുച്ചരിപ്പാൻ
പണിപെടുമാ പ്രണവാർദ്ധമാത്ര താനോ?

Digitized By Kerala Sahitya Akade

— ശേഷം —

അളകപരിമളം വിരിഞ്ഞ സച്ചിൽ-
പ്പുതുമലരിൽത്തിരളുന്ന തേൻകുഴമ്പോ?
ഇതു മതി കൃതകൃത്യനായ്; കേൾക്കേ-
ണ്ടതു ഖഗ, കേൾക്കുക ധന്യകർണ്ണമേ, നീ!

സതി, തവ വിളയാട്ടുകാവിതിൽ ഞാൻ
സ്ഥിതി മമ; വേണ്ട വിണ്ണുവാഴ്ച പോലും;
അതിനനുമതിയമ്മ നൽകിയേച്ചാൽ
മതി,യിവനിങ്ങൊരു മുക്കിൽ നിന്നുകൊള്ളാം!

കരതലമധികം ചുകന്നു; ഫാലാ-
ന്തരളവി കിഞ്ചന തൂവിയർപ്പു ചിന്നീ;
പരമൊരു പുളകോദ്ഗമം പൂണ്ടു, വീണാ-
ചിരപരിവാദനഖിന്നയായ തന്വി.

മതി മതി മണിവീണ മീട്ടൽ; പൂമേ-
ലതിമൃദു കയ്യിതു വേദനിച്ചിടുന്നോ,
മതിമുഖിയുടെ നേർക്കലിഞ്ഞു നോക്കും
പതിയുടെ കണ്ണിണയിൽപ്പതിഞ്ഞ സൂക്തം!

അല്ലാ, കേൾപ്പീല വീണാരണിത,മിവിടെനി-
ന്നെങ്ങു പോയ് ദേവി? കാണു-
ന്നില്ലാ മുൻകണ്ട പൊന്മന്ദഹസിത,-മുപവനവും
പാഴ്ക്കിനാവായിരുന്നോ?

എല്ലാം ശൂന്യം! മനസ്സേ, [illegible]
ലെത്ര വേ[illegible]-
പ്പുല്ലാരാമത്തിൽനിന്നീപ്പെരുമഴനടുവിൽ-
ഞാനോ വന്നെത്തിവീണു!!

Digitized By Kerala Sahitya Akade

Digitized By Kerala Sahitya Akade